


2025JANUARY
01
WEDNESDAY

www.societytodaynews.com

# സൊസൈറ്റി ടുഡേ

SOCIETY TODAY e-paper

# ആഗോള റാങ്കിങ്ങുകളിൽ ഇന്ത്യയ്ക്ക് മുന്നേറ്റം

**മുംബൈ:** ഇന്ന് ആഗോളതലത്തിൽ അഞ്ചാമത്തെ വലിയ സമ്പദ്വ്യവസ്ഥയാണ് ഇന്ത്യ. മൂന്നാമത്തെ വലിയ സമ്പദ്വ്യവസ്ഥയായി മാറുക എന്ന ലക്ഷ്യത്തിലേക്ക് ആത്മവിശ്വാസത്തോടെ മുന്നേറുകയാണ്. കഴിഞ്ഞ ദശകത്തിൽ വിവിധ ആഗോള റാങ്കിങ്ങുകളിലുണ്ടാക്കിയ ശ്രദ്ധേയമായ മുന്നേറ്റത്തിലൂടെ, ആഗോള തലത്തിൽ മത്സരാധിഷ്ഠിതമായി നിലകൊള്ളാനും, സുപ്രധാന പങ്ക് വഹിക്കാനുമുള്ള ഇന്ത്യയുടെ ദൃഢനിശ്ചയം പ്രകടമാണ്. പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ നേതൃത്വത്തിൽ ലോജിസ്റ്റിക്സ്, നൂതന സാങ്കേതിക മുന്നേറ്റങ്ങൾ, സുരക്ഷ, സൈബർ സെക്യൂരിറ്റി തുടങ്ങി സമസ്ത മേഖലകളിലും രാജ്യം ഗണ്യമായ പുരോഗതി കൈവരിച്ചു. കഴിഞ്ഞ 10 വർഷത്തിനിടെ റാങ്കിങ്ങിലുണ്ടായ ഈ നേട്ടങ്ങൾ ആഗോള ക്രമത്തിലെ ഇന്ത്യയുടെ സ്ഥാനത്തിലെ പുനർവിചിന്തനത്തിനും വഴിതുറന്നിട്ടുണ്ട്.



2015നും 2018നും മധ്യേ ബിസിനസ് സൗഹൃദ സൂചികയിൽ ഇന്ത്യ നടത്തിയ 42 റാങ്കുകളുടെ കുതിപ്പ്, ലളിതമായ നടപടിക്രമങ്ങളും മെച്ചപ്പെട്ട ബിസിനസ് അവസരങ്ങളും കൊണ്ട് അടയാളപ്പെടുത്തപ്പെട്ട, മെച്ചപ്പെട്ട ബിസിനസ് ആവാസ വ്യവസ്ഥ നിലനിൽക്കുന്ന നിക്ഷേപ സൗഹൃദ ലക്ഷ്യ സ്ഥാനമായി രാജ്യത്തെ പ്രതിഷ്ഠിച്ചു. അതുപോലെ, ആഗോള മത്സരക്ഷമത സൂചികയിൽ 2014ലെ 71ൽ നിന്ന് 2018ൽ 39ാം സ്ഥാനത്തേക്കുള്ള ഇന്ത്യയുടെ കുതിപ്പ്, അടിസ്ഥാന സൗകര്യങ്ങൾ, വിപണി വൈപുല്യം, നൂതനത്വം എന്നീ മേഖലകളിലെ പുരോഗതി എടുത്തുകാട്ടുന്നു. 2022ൽ ഇന്ത്യയുടെ വ്യോമയാന സുരക്ഷാ മേൽനോട്ട സംവിധാനം ചൈന, ഇസ്രയേൽ, ഡെന്മാർക്ക് തുടങ്ങിയ രാജ്യങ്ങളെ മറികടന്ന് 102ൽ നിന്ന് 48ാം സ്ഥാനത്തേക്ക് കുതിച്ചു. ഈ നാഴികക്കല്ലുകൾ ആഗോളതലത്തിൽ ഇന്ത്യയുടെ സ്ഥാനവും മത്സരശേഷിയും ശക്തിപ്പെടുത്തുന്നതിനയുള്ള നിരന്തരമായ ശ്രമങ്ങൾക്ക് തെളിവാണ്. 2024ൽ, ആഗോളതലത്തിൽ ഇന്ത്യയുണ്ടാക്കിയ ഉജ്വലമായ മുന്നേറ്റത്തെ അസാധാരണം എന്നല്ലാതെ വിശേഷിപ്പിക്കാനാകില്ല. പ്രധാന റാങ്കിങ്ങുകളിലെ മുന്നേറ്റവും നേട്ടങ്ങളും ഇന്ത്യയുടെ വർധിച്ചുവരുന്ന സ്വാധീനം എടുത്തു കാണിക്കുന്നു. ഏറ്റവും കൂടുതൽ വിദേശനാണ്യ കരുതൽ ശേഖരമുള്ള ആദ്യ നാല് രാജ്യങ്ങളിൽ ഇടം നേടിയത് മുതൽ ഗ്ലോബൽ ഇന്നൊവേഷൻ ഇൻഡക്സ് റാങ്കിങ്ങിലെ മുന്നേറ്റം വരെ പ്രധാനമന്ത്രി മോദിയുടെ നേതൃത്വത്തിൽ ഇന്ത്യ നടത്തുന്ന പരിവർത്തനാത്മക പുരോഗതി എടുത്തുകാട്ടുന്നു.



## ബംഗാളിന് സന്തോഷ് ട്രോഫി കിരീടം

**ഹൈദരാബാദ്:** സന്തോഷ് ട്രോഫി ഫുട്ബോളിൽ ഈ വർഷം കേരളത്തിന്റെ എല്ലാ 'സന്തോഷ'ങ്ങൾക്കും ഹൈദരാബാദിലെ ഗച്ചിബൗളിയിലുള്ള ജിഎംസി ബാലയോഗി സ്റ്റേഡിയത്തിൽ വിരാമം. ആവേശം വാനോളമുയർന്ന കലാശപ്പോരാട്ടത്തിൽ ഏകപക്ഷീയമായ ഒരു ഗോൾ ജയത്തോടെ ബംഗാളിന് കിരീടം. ഇരു ടീമുകളും ഒപ്പത്തിനൊപ്പം പൊരുതിയ മത്സരത്തിന്റെ ഇൻജറി ടൈമിലാണ് കേരളത്തിന്റെ ഹൃദയം തകർത്ത ഗോളിന്റെ പിറവി. ഇത്തവണ ഫൈനലിലേക്കുള്ള ബംഗാളിന്റെ മുന്നേറ്റത്തിൽ നിർണായക പങ്കുവഹിച്ച 9ാം നമ്പർ താരം റോബി ഹൻസ്ദയാണ് ബംഗാളിന്റെ വിജയഗോൾ നേടിയത്. ഇതോടെ 12 ഗോളുകളുമായി റോബി ടൂർണമെന്റിലെ ഗോൾവേട്ടക്കാരിൽ ഒന്നാമനായി.

സന്തോഷ് ട്രോഫി ചരിത്രത്തിൽ 47ാം ഫൈനൽ കളിച്ച ബംഗാളിന്റെ 33,ാം കിരീടനേട്ടമാണിത്. 16ാം ഫൈനൽ കളിച്ച കേരളത്തിന്റെ 9,ാം തോൽവിയും. മാത്രമല്ല, അവസാനമായി രണ്ടുതവണ കേരളം ജേതാക്കളായപ്പോഴും ഫൈനലിൽ തോൽവിയുടെ ഹൃദയഭാരവും പേറിനിന്ന ബംഗാളിന്റെ മധുരപ്രതികാരം കൂടിയായി ഇത്.

## വന്ദേഭാരത് സ്ലീപ്പർ തീവണ്ടി ഈമാസം പുറത്തിറങ്ങും

**ചെന്നൈ:** വന്ദേഭാരത് സ്ലീപ്പർ കോച്ചുകളടങ്ങിയ ആദ്യതീവണ്ടി ഈ മാസം അവസാനത്തോടെ പുറത്തിറങ്ങും. തീവണ്ടിക്ക് പ്രതീക്ഷിച്ച വേഗം ലഭിക്കില്ലെന്ന് റിസർച്ച് ഡിസൈൻ ആൻഡ് സ്റ്റാൻഡേർഡ് ഓർഗനൈസേഷൻ (ആർ.ഡി.എസ്.ഒ.) വൃത്തങ്ങൾ പറഞ്ഞു.



വന്ദേഭാരത് ചെയർ കാറിനായി നിർമിച്ച തീവണ്ടിയിലാണ് സ്ലീപ്പർ ബെർത്തുകൾ ഘടിപ്പിച്ചിരിക്കുന്നത്. കൂടുതൽ വെള്ളം ശേഖരിക്കാനുള്ള മാറ്റങ്ങളും വരുത്തിയിട്ടുണ്ട്. മാറ്റങ്ങൾ വരുത്തിയതിനാൽ കോച്ചുകളുടെ ഭാരം വർധിച്ചിട്ടുണ്ട്. അതുകൊണ്ടുതന്നെ 130180 കിലോമീറ്റർ വേഗത്തിലോടാവുന്ന തീവണ്ടിക്ക് പ്രതീക്ഷിച്ച വേഗം ലഭിക്കില്ലെന്ന് പെരമ്പൂർ ഇന്റഗ്രൽ കോച്ച് ഫാക്ടറിയിലെ ഉന്നത വൃത്തങ്ങളും അറിയിച്ചു. പരമാവധി 130 കിലോമീറ്റർ വേഗത്തിലേ ഓടാനാവൂ.

റെയിൽവേ സുരക്ഷാ കമ്മിഷണർ പരിശോധിക്കുന്നതിനു മുൻപുള്ള നടപടിക്രമങ്ങൾ ആർ.ഡി.എസ്.ഒ. പൂർത്തീകരിച്ചുകൊണ്ടിരിക്കയാണ്. കോച്ചുകളിൽ മണൽനിറച്ച ചാക്കുകൾ കയറ്റി ഓടിച്ച് പരിശോധന നടത്തുകയാണ്. എല്ലാ പരിശോധനകളും നടത്തിയശേഷം യാത്രയ്ക്ക് സജ്ജമാണോയെന്ന് ഉറപ്പു വരുത്തും. പരിശോധനയുമായി ബന്ധപ്പെട്ട എല്ലാ രേഖകളും റെയിൽവേ സേഫ്റ്റി കമ്മിഷണർക്ക് കൈമാറും. അത് പരിശോധിച്ചതിനു ശേഷം സേഫ്റ്റി കമ്മിഷണർ ട്രയൽ റൺ നടത്തും. അപ്പോൾ തീവണ്ടി പരമാവധി വേഗത്തിലായിരിക്കും സഞ്ചരിക്കുക. തുടർന്നായിരിക്കും റെയിൽവേയ്ക്ക് കൈമാറുക.

ഐ.സി.എഫിനുവേണ്ടി ഭാരത് എർത്ത് മൂവേഴ്സ് ലിമിറ്റഡാണ് (ബെമൽ) സ്ലീപ്പർ കോച്ചുകൾ നിർമിക്കുന്നത്. ആദ്യതീവണ്ടി 2024 ഒക്ടോബർ നാലിന് കൈമാറിയിരുന്നു. മൂന്നുമാസമായി ട്രാക്കിലിറക്കാനുള്ള നടപടികൾ പൂർത്തീകരിച്ചുകൊണ്ടിരിക്കയാണ് ഐ.സി.എഫ്. 16 കോച്ചുകൾ അടങ്ങിയ പത്ത് വന്ദേഭാരത് തീവണ്ടികൾ നിർമിക്കാൻ 2023ലാണ് ഐ.സി.എഫ്. ബെമലിന് ഉപകരാർ നൽകിയത്.





# മനുഷ്യവന്യജീവി സംഘർഷം നിയന്ത്രിക്കുന്നതിന് പദ്ധതികൾ നടപ്പാക്കിവരുന്നതായി വനം മന്ത്രി

**കോഴിക്കോട്:** വന്യജീവികൾ ജനവാസ മേഖലകളിൽ ഇറങ്ങുന്നത് തടയുന്നതിനും അഥവാ ഇറങ്ങിയാൽ സംഘർഷം പരമാവധി ലഘൂകരിക്കുന്നതിനും കോഴിക്കോട് വന ഡിവിഷനിൽ ബഹുമുഖമായ പദ്ധതികളാണ് സർക്കാർ നടപ്പാക്കിവരുന്നതെന്ന് വനം മന്ത്രി എ കെ ശശീന്ദ്രൻ വ്യക്തമാക്കി.

ജില്ലയിൽ 63.5 കിലോമീറ്റർ സൗരോർജ്ജ വേലി സ്ഥാപിക്കുന്നതിന്റെ നിർമാണവും വനിത ജീവനക്കാർക്കായി പെരുവണ്ണാമൂഴി ഫോറസ്റ്റ് സ്റ്റേഷനിൽ പുതുതായി നിർമിച്ച ലേഡീസ് ബാരക്ക് കെട്ടിടത്തിന്റെയും ഉൾപ്പെടെ നാല് പദ്ധതികളുടെ ഉദ്ഘാടനം പെരുവണ്ണാമൂഴി ഫോറസ്റ്റ് സ്റ്റേഷൻ പരിസരത്ത് നിർവഹിച്ചു സംസാരിക്കുകയായിരുന്നു മന്ത്രി.

പെരുവണ്ണാമുഴി റേഞ്ചിൽ ചക്കിട്ടപ്പാറ ഗ്രാമപഞ്ചായത്തിൽ ആലമ്പാറ ഉന്നതി, ഉണ്ടമ്മൂല, മുത്തപ്പൻപുഴ, ഐ ഐ എസ് ആർ, ചെങ്കോട്ടക്കൊല്ലി, സീതപ്പാറ ഭാഗങ്ങളിൽ 18 കിലോമീറ്റർ ദൂരത്തിലാണ് സൗരോർജ്ജ തൂക്കുവേലി നിർമ്മിക്കുന്നത്. ഇതിന് 2.72 കോടിയാണ് ചെലവ്. കുറ്റ്യാടി റേഞ്ചിൽ കാവിലുംപാറ, വാണിമേൽ, നരിപ്പറ്റ ഗ്രാമപഞ്ചായത്തുകൾക്ക് കീഴിൽ വരുന്ന ഭാഗങ്ങളിൽ 17.5 കിലോമീറ്ററിലും താമരശ്ശേരി റേഞ്ചിൽ തിരുവമ്പാടി, കോടഞ്ചേരി, പുതുപ്പാടി ഗ്രാമ പഞ്ചായത്തുകളിലെ ഭാഗങ്ങളിൽ 12 കിലോമീറ്റർ ദൂരത്തിലും സൗരോർജ്ജ വേലിയാണ് സ്ഥാപിക്കുന്നത്. ഇതിന്റെ പ്രവൃത്തി ഊരാളുങ്കൽ തുടങ്ങിക്കഴിഞ്ഞു.

ഇതിന് പുറമെ, കൃഷി വകുപ്പിന്റെ സഹകരണത്തോടെ താമരശ്ശേരി റേഞ്ചിലെ തിരുവമ്പാടി, കൂടരഞ്ഞി ഗ്രാമപഞ്ചായത്തുകളിലെ ഭാഗങ്ങളിൽ 1.25 കോടി രൂപ ചെലവിൽ 16 കിലോമീറ്ററിൽ സൗരോർജ്ജ തൂക്കുവേലിയുമാണ് നിർമ്മിക്കുന്നത്. 'പുതുതായി സൗരോർജ വേലി നിർമ്മിക്കുന്നതിന് പുറമേ ജനവാസ മേഖലകളിൽ വന്യജീവികൾ ഇറങ്ങുന്നത് തടയാൻ മൂന്ന് റേഞ്ചുകളിലായി നിലവിലുള്ള 27 കിലോമീറ്റർ സൗരോർജ്ജ വേലികൾ അറ്റകുറ്റപ്പണി നടത്തുന്ന മിഷൻ ഫെൻസിങ് പ്രവൃത്തിയും ആരംഭിച്ചിട്ടുണ്ട്,' മന്ത്രി കൂട്ടിച്ചേർത്തു.

പേരാമ്പ്ര മുതുകാട് സ്ഥാപിക്കുന്ന കോഴിക്കോട് ബയോളജിക്കൽ പാർക്കിന്റെ വിശദപദ്ധതി രേഖ തയാറാക്കുന്നതിന്റെ ടെണ്ടർ നടപടി പുരോഗമിക്കുകയാണ്. മനുഷ്യവന്യജീവി സംഘർഷം ലഘുകരിക്കുന്നതിന്റെ ഭാഗമായി പരിക്കുപറ്റിയ വന്യജീവികളെ പുനരധിവസിപ്പിക്കുന്നആനിമൽ ഹോസ്പൈസ് സെന്റർ മുതുകാട് തുടങ്ങുന്നതിന് കിഫ്ബി വഴി 10 കോടി രൂപ സർക്കാർ അനുവദിച്ചിട്ടുണ്ട്. സംസ്ഥാനത്തെ രണ്ടാമത്തെ ഇത്തരം കേന്ദ്രമായിരിക്കുമിത്, മന്ത്രി പറഞ്ഞു.

ജാനകിക്കാട്, തുഷാരഗിരി, കക്കാട്, കാക്കവയൽ, പെരുവണ്ണാമുഴി, കക്കയം എന്നീ ഇക്കോടൂറിസം കേന്ദ്രങ്ങളിലും കടലുണ്ടി കമ്മ്യൂണിറ്റി സെന്ററിലും പൊതുജനങ്ങൾക്കും വിനോദ സഞ്ചാരികൾക്കും ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ വിപുലപ്പെടുത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചതായും മന്ത്രി അറിയിച്ചു.

കക്കാടംപൊയിൽ, വയലട എന്നിവിടങ്ങളിൽ പുതുതായി ഇക്കോടൂറിസം കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് അനുമതി ലഭ്യമാക്കുകയും അത് പൊതുജനങ്ങൾക്കായി തുറന്നു കൊടുക്കുന്നതിനുമുള്ള പ്രവർത്തനങ്ങളും നടന്നുവരികയാണ്.

വനാശ്രിത സമൂഹത്തിന്റെ സാംസ്കാരിക, വിദ്യാഭ്യാസപരമായ ഉന്നമനത്തിനായി കുടിൽപാറ, പായോണ, വട്ടച്ചിറ, കുറുമരുകണ്ടി, അംബേദ്കർ, ചിറ്റാരി, ഓലിക്കൽ, കുളത്തൂർ എന്നീ 8 പട്ടികവർഗ ഉന്നതികളിൽ രണ്ട് ലക്ഷം രൂപ മുടക്കി സ്ഥാപിച്ച എട്ട് ലൈബ്രറികളുടെ ഉദ്ഘാടനവും വനം മന്ത്രി നിർവഹിച്ചു. കക്കയം, പെരുവണ്ണാമൂഴി, ആനക്കാംപൊയിൽ, കോഴിക്കോട് സിറ്റി, കുറ്റ്യാടി എന്നിവിടങ്ങളിലുള്ള സാറ്റലൈറ്റ് ആർആർടികളിലേക്കായി പുതുതായി വാങ്ങിയ വാഹനങ്ങളുടെ ഫ്ലാഗ്ഓഫും മന്ത്രി നിർവഹിച്ചു.

ജില്ലാ പഞ്ചായത്ത് പ്രസിഡൻറ് ഷീജ ശശി, കുന്നുമ്മൽ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട് കെ പി ചന്ദ്രി, തൂണേരി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട് കെ പി വനജ, ചക്കിട്ടപ്പാറ ഗ്രാമപഞ്ചായത്ത് പ്രസിഡൻറ് കെ സുനിൽ, കൂടരഞ്ഞി ഗ്രാമപഞ്ചായത്ത് പ്രസിഡൻറ് ആദർശ് ജോസഫ്, നരിപ്പറ്റ ഗ്രാമപഞ്ചായത്ത് പ്രസിഡൻറ് കെ ബാബു, വാണിമേൽ ഗ്രാമപഞ്ചായത്ത് പ്രസിഡൻറ് പി സുരയ്യ, തിരുവമ്പാടി ഗ്രാമപഞ്ചായത്ത് പ്രസിഡൻറ് ബിന്ദു ജോൺസൺ, ചക്കിട്ടപാറ ഗ്രാമപഞ്ചായത്ത് അംഗങ്ങളായ എം എം പ്രദീപൻ, കെ എ ജോസുകുട്ടി, കോഴിക്കോട് പ്രിൻസിപ്പൽ കൃഷി ഓഫീസർ രജനി മുരളീധരൻ എന്നിവർ സംസാരിച്ചു.

ഉത്തരമേഖല സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ കെ എസ് ദീപ സ്വാഗതവും ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ യു ആഷിക് അലി നന്ദിയും പറഞ്ഞു.

# റോയൽ വ്യൂ ഡബിൾ ഡക്കർ ബസ് ടൂറിസത്തിന് മുതൽക്കൂട്ടാകും: മന്ത്രി കെ ബി ഗണേഷ് കുമാർ

**തിരുവനന്തപുരം:** കെഎസ്ആർടിസിയുടെ ഏറ്റവും നൂതന സംരംഭമായ റോയൽ വ്യൂ ഡബിൾ ഡക്കർ ബസ് സർവീസ് സംസ്ഥാനത്തെ ടൂറിസത്തിന് മുതൽക്കൂട്ടാവുമെന്ന് മന്ത്രി കെ ബി ഗണേഷ് കുമാർ. വിനോദ സഞ്ചാരികൾക്ക് പുറംകാഴ്ചകൾ കണ്ടുള്ള യാത്രകൾ റോയൽ വ്യൂ ബസ് നൽകും. വിദേശരാജ്യങ്ങളിൽ മാത്രം കണ്ടുവരുന്ന ഇത്തരം ബസുകൾ മൂന്നാറിലെ സഞ്ചാരികൾക്കായുള്ള കെഎസ്ആർടിസിയുടെ പുതുവത്സര സമ്മാനമാണ്. മൂന്നാറിൽ സേവനം നടത്തുന്നതിനായി കെഎസ്ആർടിസി രൂപകല്പന ചെയ്ത റോയൽ വ്യൂ ഡബിൾ ഡക്കർ ബസിന്റെ ഉദ്ഘാടനവും ആദ്യ യാത്രയുടെ ഫ്ളാഗ് ഓഫും തിരുവനന്തപുരം സിഫ്റ്റ് ആസ്ഥാനത്ത് നിർവഹിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി.

കെഎസ്ആർടിസിയുടെ സ്വപ്ന സംരംഭങ്ങളിൽ ഒന്നാണിത്. ഇത്തരത്തിൽ റെട്രോഫിറ്റ്മെന്റ് ഡബിൾ ഡക്കർ ബസ് ഇന്ത്യയിൽ ആദ്യമാണ്. കെഎസ്ആർടിസി ബഡ്ജറ്റ് ടൂറിസത്തിന്റെ ഭാഗമായി തിരുവനന്തപുരം നഗരക്കാഴ്ചകൾ എന്ന പേരിൽ ആരംഭിച്ച രണ്ടു ഓപ്പൺ ഡബിൾ ഡക്കർ സർവ്വീസുകളുടെ തുടർച്ചയായിട്ടാണ് വിനോദസഞ്ചാര മേഖലകളിലേക്ക് റോയൽ വ്യൂ ബസ് സർവീസ് നടപ്പിലാക്കുന്നത്.

മുന്നാറിലെ മനോഹരമായ പ്രകൃതിയും, മൂടൽമഞ്ഞും മഴയും ആസ്വദിച്ച് റോയൽ വ്യൂ ബസിൽ 25 കിലോമീറ്റർ യാത്ര ചെയ്യുന്ന രീതിയിലാണ് ക്രമീകരണം. രാവിലെ 10 മണിക്ക് ആരംഭിക്കുന്ന സർവീസുകൾ വൈകുന്നേരം 6 മണിയോടെ ബസ്സിന്റെ പൂർണ്ണമായ ലൈറ്റിങ്ങോടുകൂടി മൂന്നാർ ടൗണിലെത്തും.

# മൂവാറ്റുപുഴ കെഎസ്ആർടിസി ബസ്സ്റ്റേഷൻ പദ്ധതിക്ക് ഭരണാനുമതി

**മൂവാറ്റുപുഴ:** വർഷങ്ങളുടെ കാത്തിരിപ്പിനൊടുവിൽ മൂവാറ്റുപുഴ കെഎസ്ആർടിസി ബസ് സ്റ്റേഷന് ശാപമോക്ഷം. കെഎസ്ആർടിസി ഡിപ്പോ നവീകരണത്തിന് നൽകിയ 4.25 കോടിയുടെ പദ്ധതിക്ക് സാന്പത്തിക അനുമതിയും അതിനെ തുടർന്നുള്ള ഭരണാനുമതിയും ലഭ്യമായതായി മാത്യു കുഴൽനാടൻ എംഎൽഎ അറിയിച്ചു.

മുൻവർഷങ്ങളിൽ എംഎൽഎയുടെ ഇടപെടലുകളെ തുടർന്ന് കെഎസ്ആർടിസി എംഡി അടക്കം മൂവാറ്റുപുഴ ബസ് സ്റ്റേഷനിൽ എത്തി സ്ഥിതിഗതികൾ വിലയിരുത്തിയ ശേഷം 2.25 കോടി ബസ്സ്റ്റാൻഡ് നവീകരണത്തിനായി അനുവദിച്ചിരുന്നു. എന്നാൽ കെഎസ്ആർടിസി തുക ഉപയോഗിച്ചുള്ള ജോലികൾ ആരും തയാറാകാതെ വരികയും ടെൻഡർ നടപടികളിലാരും തന്നെ പങ്കെടുക്കാതിരിക്കുകയും ചെയ്ത സാഹചര്യത്തിൽ നവീകരണം യാഥാർഥ്യമാക്കുന്നതിന് എംഎൽഎ മുൻകൈയെടുത്ത് 202324 വർഷത്തെ ആസ്തി വികസന ഫണ്ടിൽ നിന്ന് 4.25 കോടി അനുവദിക്കുകയായിരുന്നു. ഈ പദ്ധതിക്കാണ് ഇപ്പോൾ സർക്കാർ തലത്തിൽ നിന്നും സാന്പതിക അനുമതിയും അതിനെ തുടർന്നുള്ള ഭരണാനുമതിയും ലഭിച്ചിരിക്കുന്നത്.

നിർമ്മാണ പ്രവർത്തനത്തിൻറെ ചുമതല പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗത്തിനാണ്. മൂവാറ്റുപുഴയുടെ തന്നെ മുഖം മാറ്റുന്ന രീതിയിൽ ക്ലോക്ക് ടവർ അടക്കം ഉൾപ്പെടുത്തിക്കൊണ്ട്, യാത്രക്കാർക്ക് ആവശ്യമായ എല്ലാ സൗകര്യങ്ങളോടും കൂടി അത്യാധുനിക നിലവാരത്തിലാണ് ബസ് സ്റ്റേഷൻറെ നവീകരണ പദ്ധതി ആവിഷ്കരിച്ചിരിക്കുന്നത്. നിലവിൽ പണി പൂർത്തീകരിക്കാത്ത കെട്ടിടത്തിന് സാമാന്തരമായി രണ്ടു നിലകളുള്ള പുതിയ കെട്ടിടം നിർമിക്കും. സ്റ്റേഷൻ മാസ്റ്റർ റൂം, ഇൻഫർമേഷൻ ഏരിയ, വനിത, പുരുഷ ജീവനക്കാർക്ക് പ്രത്യേകം വിശ്രമ മുറികൾ എന്നിവ സജ്ജീകരിക്കും.

നിലവിൽ പണി പൂർത്തീകരിക്കാതെ കിടക്കുന്ന കെട്ടിടവും ഇതോടൊപ്പം നവീകരിച്ച് ടൈൽ, പെയിൻറിംഗ് ഉൾപ്പെടെയുള്ള ബാക്കി ജോലികൾ പൂർത്തീകരിച്ച് ഉപയോഗപ്രദമാക്കും.

യാത്രികർക്കുള്ള കാത്തിരിപ്പ് കേന്ദ്രവും ആധുനിക നിലവാരത്തിൽ സജ്ജീകരിക്കും. പുതിയ രീതിയിലുള്ള ഓഫീസ് മുറികൾ, യാത്രക്കാർക്ക് വേണ്ടിയുള്ള ശുചിമുറികൾ, വാഷ് ഏരിയ അടക്കമുള്ള സൗകര്യങ്ങളും ഉണ്ടാകും. യാത്രികർക്കും ജീവനക്കാർക്കും പൊതുജനങ്ങൾക്കുമായി കോഫി ഷോപ്പും, ഭക്ഷണശാലയും അടക്കമുള്ളവയും ഈ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുണ്ട്.

പദ്ധതിയുടെ സാന്പത്തിക അനുമതിയും അതിനെ തുടർന്നുള്ള ഭരണാനുമതിയും പൂർത്തിയായതോടെ സാങ്കേതികാനുമതി വേഗത്തിൽ ലഭ്യമാക്കാനുള്ള നടപടികൾ കൈക്കൊള്ളണമെന്ന് എംഎൽഎ ഉദ്യോഗസ്ഥർക്ക് നിർദേശം നൽകി. ടെൻഡർ നടപടികൾ പൂർത്തീകരിച്ച് നിർമാണ പ്രവർത്തനങ്ങൾ ഉടൻ തന്നെ ആരംഭിക്കുന്നതിനുള്ള എല്ലാ പ്രവർത്തനവുമായി മുന്നോട്ടു പോകുമെന്നും എംഎൽഎ അറിയിച്ചു.

# സെന്റ് തോമസ് കോളജ് പ്ലാറ്റിനം ജൂബിലി: സൈക്കിൾ പ്രയാണത്തിന് തുടക്കം

**പാലാ:** സെന്റ് തോമസ് കോളജ് പ്ലാറ്റിനം ജൂബിലിയോടനുബന്ധിച്ചുള്ള അഖില കേരള സൈക്കിൾ പ്രയാണം ആരംഭിച്ചു. പൂർവ വിദ്യാർഥിയും നോർത്ത് കേപ് അൾട്രാ എൻഡുറൻസ് സൈക്ലിസ്റ്റുമായ ഫെലിക്സ് അഗസ്റ്റിൻ പ്രയാണം ഫ്ലാഗ് ഓഫ് ചെയ്തു. 21 വിദ്യാർഥികളും 7 അധ്യാപകരുമടങ്ങുന്ന സംഘം കേരളത്തിലെ 14 ജില്ലകളിലൂടെ സഞ്ചരിക്കും. പരിസ്ഥിതി സംരക്ഷണം, വ്യായാമം, സൈക്കിൾ യാത്രയെ പ്രോത്സാഹിപ്പിക്കേണ്ടതിന്റെ ആവശ്യകത തുടങ്ങിയ സന്ദേശങ്ങൾ വിവിധ വിദ്യാലയങ്ങളിലെത്തി കൈമാറും.

12 ദിവസം കൊണ്ട് 1200 കിലോമീറ്റർ പിന്നിടുന്ന സംഘത്തിൽ പ്രിൻസിപ്പൽ ഡോ. സിബി ജയിംസ്, വൈസ് പ്രിൻസിപ്പൽ ഫാ. ഡോ. സാൽവിൻ തോമസ് കാപ്പിലിപ്പറമ്പിൽ എന്നിവരുമുണ്ട്. കായിക പ്രതിഭ ജിമ്മി ജോർജിന്റെ ജന്മനാടായ പേരാവൂർ ഉൾപ്പെടെ ഒട്ടേറെ സ്ഥലങ്ങളിൽ സൈക്കിൾ പ്രയാണത്തിനു സ്വീകരണം നൽകും.

പ്രിൻസിപ്പൽ ഡോ. സിബി ജയിംസ് അധ്യക്ഷത വഹിച്ചു. വൈസ് പ്രിൻസിപ്പൽ ഫാ. ഡോ. സാൽവിൻ തോമസ് കാപ്പിലിപ്പറമ്പിൽ, എൻസിസി ആർമി വിങ് 17കെ കമാൻഡിങ് ബറ്റാലിയൻ ഓഫിസർ കേണൽ ഗുരു പ്രതാപ് സിങ്, ഡോ. ആന്റോ മാത്യു, ചീഫ് കോഓർഡിനേറ്റർ ജിബിൻ രാജ ജോർജ്, ബർസാർ ഫാ. മാത്യു ആലപ്പാട്ടുമേടയിൽ, കോഓർഡിനേറ്റർമാരായ പ്രഫ. ആശിഷ് ജോസഫ്, മഞ്ചേഷ് മാത്യു, റോബേഴ്സ് തോമസ്, ജിനു മാത്യു, ഡോ. അനീഷ് സിറിയക്, ഡോ. ജോബിൻ ജോബ് മാത്തൻ, സ്റ്റുഡന്റ്സ് അഫയേഴ്സ് ഡീൻ ബോബി സൈമൺ, അസിസ്റ്റന്റ് ഡീൻ ശിൽപ മാത്യു, വിദ്യാർഥി പ്രതിനിധികളായ അരുണിക യു.നായർ, പ്രിൻസ് ഏബ്രഹാം, പി.എസ്.ജഗനാഥ് എന്നിവർ പ്രസംഗിച്ചു.

# കമ്പ്യൂട്ടർ കോഴ്സ്

**തിരുവനന്തപുരം:** കൈമനം സർക്കാർ വനിതാ പോളിടെക്നിക് കോളജിലെ കണ്ടിന്യൂയിങ് എഡ്യൂക്കേഷൻ സെല്ലിന്റെ കീഴിൽ ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ (ഡി.സി.എ) കോഴ്സുകളിലേക്ക് അപേക്ഷ ക്ഷണിച്ചു. ആൺകുട്ടികൾക്കും അപേക്ഷിക്കാം. വിശദ വിവരങ്ങൾക്ക്: 0471 2490670.



കേരള വ്യാപാരിവ്യവസായി ഏകോപനസമിതി പള്ളുരുത്തി യൂണിറ്റ് ക്രിസ്മസ്, പുതുവൽസരാഘോഷം ഏകോപന സമിതി യൂത്ത് വിംഗ് എറണാകുളം ജില്ലാ പ്രസിഡന്റ് പ്രദീപ് ജോസ് ഉദ്ഘാടനം ചെയ്യുന്നു.

# വാഹനങ്ങളിലെ വഴിയോരക്കച്ചവടം അവസാനിപ്പിക്കണം: കെവിവിഇഎസ് യൂത്ത് വിംഗ്

**കൊച്ചി:** വാഹനങ്ങളിലും പെട്ടിവണ്ടികളിലും വർധിച്ചുവരുന്ന വഴിയോരക്കച്ചവടം തടയാൻ മോട്ടോർ വാഹന വകുപ്പ് അടിയന്തര നടപടി സ്വീകരിക്കണമെന്ന് കേരള വ്യാപാരി വ്യവസായി ഏകോപന സമിതി യൂത്ത് വിംഗ് എറണാകുളം ജില്ലാ പ്രസിഡന്റ് പ്രദീപ് ജോസ് ആവശ്യപ്പെട്ടു. കേരള വ്യാപാരിവ്യവസായി ഏകോപനസമിതി പള്ളുരുത്തി യൂണിറ്റ് ക്രിസ്മസ്, പുതുവൽസരാഘോഷം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. വ്യാപാരികളെ പ്രതിസന്ധിയിലാക്കിക്കൊണ്ട് വാഹനങ്ങളിലെ വഴിയോരക്കച്ചവടം നാൾക്കുനാൾ വർധിച്ചുവരികയാണ്. മോട്ടോർ വാഹന വകുപ്പും സർക്കാരും ഇത് കണ്ടില്ലെന്ന് നടക്കുകയാണ്. ഇനിയും ഇതിനെതിരെ നടപടി സ്വീകരിക്കുന്നില്ലെങ്കിൽ വ്യാപാരികൾ ശക്തമായ സമരവുമായി രംഗത്തുവരുമെന്നും പ്രദീപ് ജോസ് പറഞ്ഞു. യൂണിറ്റ് പ്രസിഡന്റ് പി.സി.സുനിൽകുമാർ അദ്ധ്യക്ഷത വഹിച്ചു. യൂത്ത് വിംഗ് ജില്ല ട്രഷറർ അജ്മൽകാമ്പായി ക്രിസ്മസ് സന്ദേശം നൽകി. യൂണിറ്റ് ജനറൽ സെക്രട്ടറി കെ.പി.ജയിൻ, ട്രഷറർ ടി.എം.ഇബ്രാഹിം, വി.ഇ.മാത്യു, ഡെന്നി തോമസ്, കെ.യു.ജബീബ്, പി.എ.ഷാനവാസ്, കെ.എസ്.അജിത്ത്കുമാർ കെ.യു.സുധീർ, വി.ഉദയൻ, അന്ന ബാബു, പി.പി. വിനീത, മിൽട്ടൻ ഡിക്കോത്ത തുടങ്ങിയവർ സംസാരിച്ചു. ചലചിത്ര പിന്നണി ഗായകൻ പ്രദീപ് പള്ളുരുത്തി, വി.ഉദയൻ എന്നിവർ സംഗീത പരിപാടിയും നടത്തി.



പോർട്ട് ഫോളിയോ 01 കൊച്ചി ഫോട്ടോ ജേർണലിസ്റ്റ്സ് ഫോറം എറണാകുളം ദർബാർ ഹാൾ ആർട്ട് ഗാലറിയിൽ സംഘടിപ്പിച്ച വാർത്താ ചിത്ര പ്രദർശനം 'പോർട്ട്ഫോളിയോ 2025 ' കാണുന്നവർ . പ്രദർശനം ഇന്ന് അവസാനിക്കും

# സൗത്ത് സോൺ ഇൻറർ യൂണിവേഴ്സിറ്റി യൂത്ത്ഫെസ്റ്റിവലിൽ മാറ്റുരച്ച് കുസാറ്റ്

**കൊച്ചി:** എസ്. ആർ. എം. യൂണിവേഴ്സിറ്റി ചെന്നൈയിൽ വച്ച് നടന്ന സൗത്ത് സോൺ ഇൻർ യൂണിവേഴ്സിറ്റി യൂത്ത് ഫെസ്റ്റിവലിൽ കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാല (കുസാറ്റ്) മൂന്നാം റണ്ണേഴ്സ്അപ്പ് ട്രോഫി കരസ്ഥമാക്കി. കേരളം, തമിഴ്നാട്, കർണാടക, ആന്ധ്ര പ്രദേശ് എന്നീ സംസ്ഥാനങ്ങളിലെ വിവിധ സർവകലാശാലകൾ മാറ്റുരച്ച വേദിയിൽ ലിറ്ററി വിഭാഗത്തിൽ ചാമ്പ്യൻഷിപ്പും, നൃത്തവിഭാഗത്തിൽ രണ്ടാം റണ്ണേഴ്സ്അപ്പും ആണ് കുസാറ്റ് സ്വന്തമാക്കിയത്. കൾച്ചറൽ കോഓർഡിനേറ്റർ പ്രൊഫ. അപർണ ലക്ഷ്മണൻറെയും ജോയിൻറ് കോഓർഡിനേറ്റർ ഡോ. എ. കെ. ബിന്ദുവിൻറെയും നേതൃത്വത്തിൽ 52 പേരടങ്ങുന്ന സംഘമാണ് വിവിധ വേദികളിൽ മാറ്റുരക്കാനായി അണി നിരന്നത്. കുസാറ്റിലെ



ജനറൽ സർവീസസ് വിഭാഗത്തിലെ ഉദ്യോഗസ്ഥരായ അബ്ദുൾ ജമാൽ, സുബൈർ പി. എ, രാഗേഷ് ആർ, ഓഫീസ് അസിസ്റ്റൻറ് വിനോദ് ജെ. കെ. എന്നിവരുടെ സഹായസഹകരണവും സംഘത്തോടൊപ്പം ഉണ്ടായിരുന്നു. ക്വിസ് മത്സരത്തിൽ എസ്. ഭാനുലാൽ, ഗോകുൽ തേജസ്, മുഹമ്മദ് അമീൻ എന്നിവർ ഒന്നാം സ്ഥാനം നേടിയപ്പോൾ, മോഹിനിയാട്ടവുമായി വിഷ്ണുമായ ഡി. എസ്. ക്ലാസിക്കൽ നൃത്തവിഭാഗത്തിൽ ഒന്നാമതെത്തി. വെസ്റ്റേൺ സോളോ വിഭാഗത്തിൽ ദിയ അന്ന അഗസ്റ്റിൻ രണ്ടാം സ്ഥാനം നേടിയപ്പോൾ, വെസ്റ്റേൺ ഗ്രൂപ്പ് മ്യൂസിക്കിൽ കുസാറ്റിൻറെ ടീം മൂന്നാം സ്ഥാനം നേടി. പ്രസംഗമത്സരത്തിൽ മൂന്നാം സ്ഥാനം നേടിയ നദ ആയിഷ, എസ്. എസ്. നന്ദകുമാറിനൊപ്പം ഡിബേറ്റിലും മൂന്നാം സ്ഥാനം നേടി. ശാസ്ത്രീയ സംഗീതത്തിൽ ശ്രദ്ധ കെ. നാലാം സ്ഥാനം നേടിയപ്പോൾ, നാടകത്തിലും സംഘഗാനത്തിലും നാലാം സ്ഥാനവും, സ്കിറ്റിൽ അഞ്ചാം സ്ഥാനവും കുസാറ്റിന് ലഭിച്ചു.

# സംസ്കൃതം തപാലിലൂടെ പരീക്ഷാഫലം പ്രസിദ്ധീകരിച്ചു

**കൊടുങ്ങല്ലൂർ:** സംസ്കൃതപഠനപാഠനപ്രചാരണത്തിനായി പ്രവർത്തിക്കുന്ന വിശ്വസംസ്കൃതപ്രതിഷ്ഠാനം 2024 ഡിസംബർമാസം 8 ന് നടത്തിയ സംസ്കൃതം പ്രവേശഃ, പരിചയഃ, ശിക്ഷാ, കോവിദഃ പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പരീക്ഷാഫലം അറിയുവാൻ അതാത് ജില്ലാകേന്ദ്രങ്ങളിലോ, കൊടുങ്ങല്ലൂർ കേന്ദ്രകാര്യാലയത്തിലോ ബന്ധപ്പെടുക. കേരളത്തിലെ എല്ലാ ജില്ലകളിലും കൂടി 22 കേന്ദ്രങ്ങളിലായി നടന്ന ഈ ക്ലാസ്സുകളിലും പരീക്ഷയിലും 1059 പഠിതാക്കൾ സംസ്കൃതം പഠിക്കുകയുണ്ടായി.

2024 ജൂൺ 8 ന് നടക്കുന്ന അടുത്തപരീക്ഷയ്ക്ക് ജനുവരി 15 വരെ അപേക്ഷിക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക്, സംസ്കൃതം തപാലിലൂടെ, വിശ്വസംസ്കൃതപ്രതഷ്ഠാനം , കോട്ടപ്പുറം.പി.ഒ, കൊടുങ്ങല്ലൂർ680667, ഫോൺ04802811985, 9895506718.




# നിർമല കോളജിൽ ജനുവരി 3 ന് നിർമല വിജ്ഞാൻ പുരസ്കാര ദാനവും ശാസ്ത്ര പ്രദർശനവും

**മൂവാറ്റുപുഴ:** നിർമല കോളജ് രാഷ്ട്ര നിർമാണത്തിൽ നിസ്തുല സംഭാവനകൾ നല്കിയ വ്യക്തികളെ 'നിർമല വിജ്ഞാൻ 'പുരസ്കാരം നല്കി ആദരിക്കുന്നതിന് ഈ വർഷം മുതൽ തുടക്കം കുറിക്കുകയാണ്. ആദ്യ പുരസ്കാരം ഏറ്റുവാങ്ങുന്നത് ലോക പ്രശസ്ത ബഹിരാകാശ ശാസ്ത്രജ്ഞനും വിക്രം സാരാഭായ് സ്പേസ് സെന്റർ ഡയറക്ടറുമായ ഡോ എസ് ഉണ്ണികൃഷ്ണൻ നായരാണ്. 25000 രൂപയും പ്രശസ്തിപത്രവും അടങ്ങുന്ന പുരസ്കാരം കോതമംഗലം രൂപതാധ്യക്ഷൻ മാർ. ജോർജ് മഠത്തിക്കണ്ടത്തിൽ സമ്മാനിക്കും. അവാർഡ്ദാനച്ചടങ്ങിനോട് അനുബന്ധിച്ച് ശാസ്ത്ര പ്രദർശനവും ശാസ്ത്ര കൗതുകമുള്ള സ്കൂൾ കുട്ടികളുമായി ഡോ എസ് ഉണ്ണികൃഷ്ണൻ നായർ സംവാദത്തിലും ഏർപ്പെടും. കോളജിൽ സംഘടിപ്പിക്കുന്ന ശാസ്ത്ര പ്രദർശനത്തിൽ പങ്കെടുക്കുന്നതിന് കോളജ് കാമ്പസ് സ്കൂൾ കുട്ടികൾക്കായി തുറന്ന് കൊടുക്കും. കൂടാതെ കോളേജിലെ അധ്യാപകരും വിദ്യാർഥികളും ചേർന്ന് തയ്യാറാക്കിയ ചന്ദ്രയാൻ 3 ന്റെ പ്രവർത്തന മാതൃകയുടെ പ്രദർശനവും ഉണ്ടായിരിക്കും. വരും വർഷങ്ങളിലും നിർമല വിജ്ഞാൻ പുരസ്കാരം നല്കി വിജ്ഞാന ലോകത്തിനായി ജീവിതം സമർപ്പിച്ചവരെ ആദരിക്കും. അതിനോട് അനുബന്ധിച്ച് ഭാവി തലമുറയിൽ ജ്ഞാന കൗതുകം വളർത്തുന്നതിനുള്ള വ്യത്യസ്ഥ പരിപാടികളും സംഘടിപ്പിക്കുന്നുണ്ട്. ജനുവരി 3 ന് രാവിലെ 10 മണിക്ക് കോളേജ് ഡയമണ്ട് ജൂബിലി ഓഡിറ്റോറിയത്തിലാണ് പുരസ്കാര ദാനവും പ്രദർശനവും സംവാദവും ഒരുക്കിയിരിക്കുന്നത്.

ഒരു വർഷമെടുത്ത് നിർമിച്ച യഥാർഥ ചന്ദ്രയാൻ പേടകത്തിന്റെ അതേ വലുപ്പത്തിലുള്ള, പൂർണമായും ഓട്ടോമാറ്റിക് സംവിധാനത്തിൽ ചന്ദ്രന്റെ ഉപരിതലത്തിൽ നടന്ന സംഭവങ്ങളുടെ പുനഃരാവിഷ്ക്കാരമാണ് പ്രദർശനത്തിൽ നടക്കുക. ഏകദേശം 500 കിലോയോളം ഭാരം വരുന്ന പേടകമാണ് കോളേജിൽ ഒരുക്കിയിരിക്കുന്നത്.

ഇന്ത്യയിൽ തന്നെ ആദ്യമായിട്ടാണ് ഒരു കോളേജിൽ ഇത്തരത്തിലുള്ള ഒരു തത്സമയ പുനഃരാവിഷ്ക്കാരം നടക്കുന്നത്. വിദ്യാർഥികളിൽ ശാസ്ത്ര അഭിരുചി വളർത്തുന്നതോടൊപ്പം രാജ്യത്തിന്റെ ശാസ്ത്ര പുരോഗതി പൊതുസമൂഹത്തിലേക്ക് എത്തിക്കുക എന്ന ലക്ഷ്യം മുൻനിർത്തിയാണ് നിർമല കോളേജ് ഇത്തരത്തിലുള്ള ഒരു ശാസ്ത്ര പ്രദർശനം ഒരുക്കുന്നത്. പ്രദർശനത്തിൽ സമീപ പ്രദേശങ്ങളിൽ നിന്നായി 1000 ത്തോളം സ്കൂൾ വിദ്യാർഥികൾ പങ്കെടുക്കും. ഭാരതത്തിന്റെ അഭിമാന നേട്ടങ്ങളായ ചന്ദ്രയാൻ, മംഗൾയാൻ പദ്ധതികളിൽ നിർണായക സ്ഥാനം വഹിച്ച നിലവിലെ വിക്രം സാരാഭായി സപേസ് സെന്റർ ഡയറക്ടർ ഡോ എസ് ഉണ്ണികൃഷ്ണൻ നായർക്കാണ് ഈ വർഷത്തെ പുരസ്കാരം സമ്മാനിക്കുന്നത്.

# അപേക്ഷ ക്ഷണിച്ചു

**തിരുവനന്തപുരം:** ഏജൻസി ഫോർ ഡെവലപ്മെന്റ് ഓഫ് അക്വാകൾച്ചർ, കേരള യുടെ കീഴിൽ ഒഴിവുള്ള ഫാം ടെക്നീഷ്യൻ/ പ്രോജക്ട് കോഓർഡിനേറ്റർ/ സബ് ഇൻസ്പെക്ടർ തസ്തികയിൽ ദിവസവേതനത്തിൽ ജോലിചെയ്യാൻ താത്പര്യമുള്ളവരിൽനിന്ന് അപേക്ഷ ക്ഷണിച്ചു. 1,205 രൂപയാണ് ദിവസവേതനം. ബി.എഫ്.എസ്.സി അല്ലെങ്കിൽ അക്വാകൾച്ചറിൽ ബിരുദാനന്തര ബിരുദമുള്ളവർക്ക് അപേക്ഷിക്കാം. താത്പര്യമുള്ളവർ ഏജൻസി ഫോർ ഡെവലപ്മെന്റ് ഓഫ് അക്വാകൾച്ചർ, കേരള (അഡാക്), ടി.സി 29/3126, റീജ, മിൻചിൻ റോഡ്, തൈക്കാട് പി.ഒ., തിരുവനന്തപുരം14 എന്ന വിലാസത്തിൽ യോഗ്യതകൾ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ പകർപ്പ് ഉൾപ്പെടെ ജനുവരി 10നകം തപാൽ മുഖേന അപേക്ഷ സമർപ്പിക്കണം.



ഒറീസ പുരിയിൽ നടന്ന ചടങ്ങിൽ ശ്രീമദ് നാരായണീയ ശ്രേഷ്ഠാചാര്യ പുരസ്കാരം സമ്മാനിച്ച ശേഷം മിസോറം മുൻ ഗവർണർ കുമ്മനം രാജശേഖരൻ മലയാളികളായ പുരസ്ക്കാര ജേതാക്കൾക്കൊപ്പം

# ശ്രീമദ്നാരായണീയ ശ്രേഷ്ഠാചാര്യ പുരസ്കാരം സമർപ്പിച്ചു

**കൊച്ചി :** 14 മലയാളികൾക്ക് അഖില ഭാരത നാരായണീയ മഹോത്സവ സമിതിയും പ്രശാന്തി വിശ്വഭാരത ദർശന സേവാ ട്രസ്റ്റും സംയുക്തമായി ഏർപ്പെടുത്തിയ ശ്രീമദ് നാരായണീയ ശ്രേഷ്ഠാചാര്യ പുരസ്കാരം ഒറീസ പുരിയിൽ നടന്ന ചടങ്ങിൽ മിസോറം മുൻ ഗവർണർ കുമ്മനം രാജശേഖരൻ സമ്മാനിച്ചു. 25,000 രൂപയും സർട്ടിഫിക്കറ്റും ഫലകവുമായിരുന്നു പുരസ്കാരം. ഇവർക്കൊപ്പം 60 സഹ ആചാര്യന്മാർക്ക് 5,000 രൂപയും സർട്ടിഫിക്കറ്റും ഫലകവും ചടങ്ങിൽ സമ്മാനിച്ചു. മംഗളം രാമസ്വാമി (തിരുവനന്തപുരം), ഗിരിജാ രാജൻ(ചെറായി), ജി. മീന (തിരുവനന്തപുരം), കാരിയം സോമശേഖരൻ (തിരുവനന്തപുരം), ടി പി സുമംഗല (പട്ടാമ്പി), കെ എസ് വിജയലക്ഷ്മി (പത്തനംതിട്ട), ടി എൻ സരസ്വതിയമ്മ (കോട്ടയം), ഡോ. കെ എസ് സരസ്വതി (ആലപ്പുഴ), ഗീത ഒ നായർ (തിരുവനന്തപുരം), ഉത്തമ കെ.നമ്പൂതിരി (തൃക്കാരിയൂർ, എറണാകുളം), സുമതി നായർ (മാള,), രമാദേവി (വൈക്കം,), പത്മകുമാരി (തിരുവനന്തപുരം), വനജ മോഹനൻ (തൃക്കാക്കര) എന്നിവരാണ് പുരസ്ക്കാരം ഏറ്റുവാങ്ങിയത്. ഓൾ ഇന്ത്യ മലയാളി അസോസിയേഷൻ ചെയർമാൻ ബാബു പണിക്കർ അധ്യക്ഷത വഹിച്ചു. പുരി ജഗന്നാഥ ക്ഷേത്ര മുഖ്യപൂജാരി രാമചന്ദ്ര മഹാപത്ര സമ്മേളനം ഉദ്ഘാടനം ചെയ്തു. വിശ്വഹിന്ദു പരിഷത്ത് ഒഡീഷ ജനറൽ സെക്രട്ടറി പണ്ഡിറ്റ് മഹേഷ് സാഹു, ഒഡീഷ സെക്രട്ടറി ഉമാശങ്കർ ആചാര്യ, ഒഡീഷ മലയാളി അസോസിയേഷൻ പ്രസിഡന്റ് ചന്ദ്രബാബു, പ്രശാന്തി വിശ്വഭാരത ദർശന സേവാ ട്രസ്റ്റി ആർ. നാരായണ പിള്ള തുടങ്ങിയവർ സംസാരിച്ചു.

# മാലിന്യമുക്തം നവകേരളം പുതിയ ഘട്ടത്തിലേക്കെന്ന് മന്ത്രി എം ബി രാജേഷ്

**തിരുവനന്തപുരം:** സംസ്ഥാനമൊട്ടാകെ ഏറ്റെടുത്ത മാലിന്യമുക്തം നവകേരളം പദ്ധതി പുതിയഘട്ടത്തിലേക്ക് കടക്കുകയാണെന്നും അതിന്റെ ഭാഗമായി വലിച്ചെറിയൽ വിരുദ്ധവാരം നാളെ (ജനുവരി 1) മുതൽ ആരംഭിക്കുമെന്ന് മന്ത്രി എം ബി രാജേഷ് പറഞ്ഞു. ശാസ്ത്രീയ മാലിന്യ സംസ്കരണം വലിയ തോതിൽ പുരോഗമിക്കുമ്പോഴും വലിച്ചെറിയൽ ശീലം ഉപേക്ഷിക്കാൻ ജനങ്ങൾ ഇപ്പോഴും തയ്യാറായിട്ടില്ല. ഇതിനായി വിപുലമായ ബോധവത്കരണ പരിപാടികൾക്കാണ് സർക്കാർ രൂപം നൽകിയിരിക്കുന്നത്. സുസ്ഥിരമായ ശുചിത്വ പരിപാലനം ലക്ഷ്യമിട്ട് ക്യാമറാ നിരീക്ഷണം ശക്തമാക്കൽ, മാലിന്യം നിക്ഷേപിക്കാൻ ബിന്നുകൾ വ്യാപകമായി സ്ഥാപിക്കൽ, ബിന്നുകളിലെ മാലിന്യം കൃത്യമായി ശേഖരിച്ച് സംസ്കരിക്കുക തുടങ്ങിയവ ഉറപ്പുവരുത്താൻ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് കൃത്യമായ നിർദ്ദേശം നൽകിയിട്ടുണ്ടെന്ന് മന്ത്രി വാർത്താസമ്മേളനത്തിൽ പറഞ്ഞു.

മാർച്ച് 30 ന് മാലിന്യ മുക്തമായ നവകേരളമെന്ന ലക്ഷ്യം കൈവരിക്കാൻ വലിച്ചെറിയൽ വിരുദ്ധക്യാമ്പയിൻ നിർണായക പങ്ക് വഹിക്കും. വലിച്ചെറിയൽ മുക്തമായ പൊതുവിടങ്ങൾ ജനകീയ സമിതികളുടെയും സംഘടനകളുടെയും നേതൃത്വത്തിൽ സൃഷ്ടിക്കുക, വിദ്യാഭ്യാസ സ്ഥാപനങ്ങൾ മാലിന്യമുക്തമാക്കുക, സ്ഥാപനങ്ങളെ വലിച്ചെറിയൽ മുക്തമാക്കുക, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നിയമനടപടികൾ കർശനമാക്കുക തുടങ്ങിയ ലക്ഷ്യങ്ങളാണ് ക്യാമ്പയിൻ മുന്നോട്ടുവെക്കുന്നത്. ജനുവരി 20 നുള്ളിൽ എല്ലാ ജംഗ്ഷനുകളിലും ജനകീയ സമിതികൾ രൂപീകരിക്കുമെന്ന് മന്ത്രി പറഞ്ഞു.

ഓഫീസുകൾ ജനുവരി 7 മുതൽ വലിച്ചെറിയൽ മുക്തമായി പ്രഖ്യാപിക്കാൻ കഴിയുന്ന നിലയിലുള്ള പദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്. പരിസര പ്രദേശം വൃത്തിയായി സൂക്ഷിക്കാത്ത സ്ഥാപനങ്ങൾക്കെതിരെ നിയമനടപടി സ്വീകരിക്കും. മാലിന്യ പ്രശ്നത്തിലെ നിയമലംഘകർക്കെതിരെ തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ എൻഫോഴ്സ്മെന്റ് ടീം വഴിയുള്ള നിയമനടപടികൾ ശക്തമാക്കും. ജാഥകൾ, സമ്മേളനങ്ങൾ, ഉത്സവങ്ങൾ തുടങ്ങിയ പൊതു പരിപാടികളുടെ ഭാഗമായുള്ള കൊടിതോരണങ്ങൾ, നോട്ടീസുകൾ, വെള്ളക്കുപ്പികൾ, ഭക്ഷണാവശിഷ്ടങ്ങൾ ഉൾപ്പെടെയുള്ള മാലിന്യം പൊതുസ്ഥലങ്ങളിലേക്ക് വലിച്ചെറിയാതിരിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കും. ഇത് സംബന്ധിച്ച് പാലിക്കേണ്ട നിബന്ധനകൾ സംഘാടകരെ മുൻകൂട്ടി അറിയിക്കും.

മാലിന്യമുക്തമായ ആയൽക്കൂട്ടങ്ങൾ ഉറപ്പുവരുത്തുന്നതിനുള്ള ശ്രമങ്ങൾ കുടുംബശ്രീയുടെ ചുമതലയിൽ നടത്തുന്നുണ്ട്. വീടുകൾ കേന്ദ്രീകരിച്ച് ഗാർഹിക ജൈവ മാലിന്യ സംസ്കരണ ഉപാധികളുടെ എണ്ണം, നിലവിലെ സ്ഥിതി എന്നിവ മനസിലാക്കുന്നതിനായി ജനുവരി 6 മുതൽ 12 വരെ സർവേയും ഭവന സന്ദർശനവും നടത്തും.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പൊതു ജൈവമാലിന്യ സംസ്കരണ സംവിധാനങ്ങളുടെ സർവേ ജനുവരി 15 നകം പൂർത്തിയാകുമെന്നും മന്ത്രി പറഞ്ഞു.

# പുതുവത്സരസമ്മാനമായി ഭിന്നശേഷിക്കാർക്ക് തൊഴിലവസരമൊരുക്കാൻ ഇടം പോയിന്റുകൾ

**തിരുവനന്തപുരം:** കേരള സംസ്ഥാന ഭിന്നശേഷിക്ഷേമ കോർപ്പറേഷനും കേരള സംസ്ഥാന പന ഉൽപ്പന്ന വികസനകോർപ്പറേഷനും സംയുക്തമായി പന ഉൽപ്പന്ന വിൽപ്പന കേന്ദ്രങ്ങൾ ആരംഭിക്കുന്നു. ഇടം ഇനിഷേറ്റീവ് ഫോർ ദ ഡിഫറന്റ്ലീ ഏബിൾഡ് മൂവ്മെന്റ് പോയിന്റുകൾ എന്ന് പേര് നൽകിയ കേന്ദ്രങ്ങൾ സംസ്ഥാനത്തുടനീളം ആരംഭിക്കും. തെരഞ്ഞെടുക്കപ്പെട്ട സ്ഥലങ്ങളിൽ ജനുവരി 1 ന് രാവിലെ 11ന് പ്രവർത്തനം ആരംഭിക്കും. ഈ കേന്ദ്രങ്ങളിൽ കെൽപ്പാമിന്റെ ഉൽപ്പന്നങ്ങളായ പനംകൽക്കണ്ട്, കരുപ്പട്ടി, വിവിധതരം ജ്യൂസുകൾ, നൊങ്ക് സർബത്ത്, ചുക്ക് കാപ്പി എന്നിവയാണ് പ്രധാനമായും വിൽക്കുക. അതോടൊപ്പം തന്നെ ഭിന്നശേഷിക്കാർ നിർമ്മിക്കുന്ന ഉൽപ്പന്നങ്ങളും പാൽ ഉൾപ്പെടെയുള്ള മറ്റ് അംഗീകൃത ഉൽപ്പന്നങ്ങളും ലഭ്യമാക്കാനാണ് ഉദ്ദേശിക്കുന്നത്.

ഇടം പോയിന്റുകളിലേക്ക് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത് ഭിന്നശേഷിക്ഷേമ കോർപ്പറേഷനും കെൽപ്പാമും ചേർന്നുള്ള കമ്മിറ്റിയാണ്. ഇതിന്റെ അപേക്ഷകൾ ഭിന്നശേഷി ക്ഷേമ കോർപ്പറേഷൻ സ്വീകരിച്ച്, ഇന്റർവ്യൂ നടത്തി റാങ്ക് ലിസ്റ്റ് തയ്യാറാക്കും. ബങ്ക് നിർമ്മാണത്തിനാവശ്യമായ തുക ഭിന്നശേഷിക്ഷേമ കോർപ്പറേഷൻ വായ്പയായി നൽകും. ഈ ലോണും അതിന്റെ പലിശയും കെൽപ്പാം തിരിച്ചടയ്ക്കുന്ന വിധത്തിലാണ് ഇതിന്റെ കരാർ തയ്യാറാക്കിയിട്ടുള്ളത്.

## തൊഴിൽമേള നാലിന്

**കോഴിക്കോട്:** ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിന്റെയും എംപ്ലോയബിലിറ്റി സെന്ററിന്റെയും ആഭിമുഖ്യത്തിൽ, വടകര എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിന്റെയും വടകര മോഡൽ പോളിടെക്നിക്കിന്റെയും സഹകരണത്തോടുകൂടി ജനുവരി നാലിനു രാവിലെ 9.30 ന് വടകര മോഡൽ പോളിടെക്നിക്ക് ക്യാമ്പസ്സിൽ തൊഴിൽമേള സംഘടിപ്പിക്കുന്നു. 500 ൽപ്പരം ഒഴിവുകളും 20 ലേറെ കമ്പനികളും പങ്കെടുക്കും.

വിവരങ്ങൾക്ക്: എംപ്ലോയബിലിറ്റി സെന്റർ കോഴിക്കോട് 04952370176, 2370178. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വടകര 04962523039.

## അപേക്ഷ ക്ഷണിച്ചു

**കോഴിക്കോട്:** ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെന്റൽ ഹെൽത്ത് ആന്റ് ന്യൂറോസയൻസും (ഇംഹാൻസ്) സാമൂഹ്യനീതി വകുപ്പും ചേർന്ന് നടത്തുന്ന 'മാനസിക രോഗം നേരിടുന്ന മുതിർന്നവർക്ക് പിന്തുണയും പുനരധിവാസവും' പ്രോജക്റ്റിലേക്ക് ഒരു വർഷത്തേക്ക് കരാർ അടിസ്ഥാനത്തിൽ സൈക്യാട്രിക് സോഷ്യൽ വർക്കർ കം കേസ് മാനേജർ (ഒരു ഒഴിവ്) തസ്തികയിലേക്ക് അപേക്ഷ ക്ഷണിച്ചു. യോഗ്യത:

സൈക്യാട്രിക് സോഷ്യൽവർക്കിലെ എംഫിൽ (രണ്ട് വർഷത്തെ ഫുൾടൈം കോഴ്സ്). സൈക്യാട്രിക് റീഹാബിലിറ്റേഷൻ ക്രമീകരണത്തിൽ അനുഭവപരിചയമുള്ളത് അഭികാമ്യം. ശമ്പളം 30,700 രൂപ.

അപേക്ഷ ജനുവരി 13 ന് വൈകീട്ട് അഞ്ചിനകം ഡയറക്ടർ, ഇംഹാൻസ്, മെഡിക്കൽ കോളേജ് പി.ഒ വിലാസത്തിൽ അയക്കണം. വിവരങ്ങൾക്ക് ०००.ശാവമി.മര.ശി.

## നഴ്സ് ഇന്റർവ്യൂ 7 ന്

**കോഴിക്കോട്:** കോഴിക്കോട് ജില്ലാ ഹോമിയോ ആശുപത്രിയിൽ നഴ്സ് തസ്തികയിൽ ഒഴിവുണ്ട്. 780 രൂപ ദിവസ വേതനാടിസ്ഥാനത്തിൽ (മാസം പരമാവധി 21060 രൂപ) ജിഎൻഎം പാസായ ഉദ്യോഗാർത്ഥികൾ ജനുവരി 7 ന് രാവിലെ 11 ന് ഇന്റർവ്യൂവിനായി എരഞ്ഞിക്കൽ കണ്ടംകുളങ്ങരയിലെ ജില്ലാ ഹോമിയോ ആശുപത്രിയിൽ എത്തണം. യോഗ്യത തെളിയിക്കുന്ന അസ്സൽ രേഖകളും പരിചയ സർട്ടിഫിക്കറ്റും തിരിച്ചറിയൽ രേഖകളുടെ പകർപ്പും കൊണ്ടുവരണം. ഫോൺ: 04952460724.

## ക്വട്ടേഷൻ ക്ഷണിച്ചു

**കോഴിക്കോട്:** ഗവ. എഞ്ചിനിയറിങ് കോളേജിലെ എംടെക്ക് പ്രൊജക്ട് ആവശ്യങ്ങൾക്കായി മെറ്റീരിയൽസ് വിതരണം ചെയ്യുന്നതിന് കമ്പനികളിൽ നിന്നും ക്വട്ടേഷനുകൾ ക്ഷണിച്ചു. ക്വട്ടേഷൻ, പ്രിൻസിപ്പാൾ, സർക്കാർ എഞ്ചിനിയറിങ് കോളേജ്, കോഴിക്കോട്, വെസ്റ്റ്ഹിൽ (പി. ഒ), 673005 എന്ന വിലാസത്തിൽ അയക്കണം. ക്വട്ടേഷനുകൾ ലഭിക്കേണ്ട അവസാന തിയ്യതി ജനുവരി ആറ് ഉച്ച രണ്ട് മണി. അന്നേ ദിവസം വൈകീട്ട് മൂന്നിന് ക്വട്ടേഷൻ തുറക്കും.

## അപേക്ഷ ക്ഷണിച്ചു

**തിരുവനന്തപുരം:** ഏജൻസി ഫോർ ഡെവലപ്മെന്റ് ഓഫ് അക്വാകൾച്ചർ, കേരള യുടെ കീഴിൽ ഒഴിവുള്ള ഫാം ടെക്നീഷ്യൻ/ പ്രോജക്ട് കോഓർഡിനേറ്റർ/ സബ് ഇൻസ്പെക്ടർ തസ്തികയിൽ ദിവസവേതനത്തിൽ ജോലിചെയ്യാൻ താത്പര്യമുള്ളവരിൽനിന്ന് അപേക്ഷ ക്ഷണിച്ചു. 1,205 രൂപയാണ് ദിവസവേതനം. ബി.എഫ്.എസ്.സി അല്ലെങ്കിൽ അക്വാകൾച്ചറിൽ ബിരുദാനന്തര ബിരുദമുള്ളവർക്ക് അപേക്ഷിക്കാം. താത്പര്യമുള്ളവർ ഏജൻസി ഫോർ ഡെവലപ്മെന്റ് ഓഫ് അക്വാകൾച്ചർ, കേരള (അഡാക്), ടി.സി 29/3126, റീജ, മിൻചിൻ റോഡ്, തൈക്കാട് പി.ഒ., തിരുവനന്തപുരം14 എന്ന വിലാസത്തിൽ യോഗ്യതകൾ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ പകർപ്പ് ഉൾപ്പെടെ ജനുവരി 10നകം തപാൽ മുഖേന അപേക്ഷ സമർപ്പിക്കണം.

## റീ ടെൻഡർ ക്ഷണിച്ചു

**കായംകുളം:** താലൂക്കാശുപത്രിയിൽ 2025 ഫെബ്രുവരി ഒന്നു മുതൽ ഡിസംബർ 31 വരെയുള്ള കാലയളവിലേക്ക് വിവിധ ഫോറങ്ങൾ, രജിസ്റ്ററുകൾ, എന്നിവയും മെഡിസിൻ വിതരണത്തിനുള്ള കവറുകൾ, എക്സ്റേ ഫിലിം വിതരണത്തിനുള്ള കവറുകൾ മുതലായവ പ്രിന്റു ചെയ്തു വിതരണം നടത്തുന്നതിന് തയ്യാറുള്ളവരിൽ നിന്നും മത്സര സ്വഭാവമുള്ള ടെൻഡറുകൾ ക്ഷണിച്ചു. ടെൻഡറുകൾ സ്വീകരിക്കുന്ന അവസാന തീയതി ജനുവരി 13 ഉച്ചയ്ക്ക് 12 മണി. ഫോൺ: 04792447274.

## 2025 ഡയറിയുടെ വില നിശ്ചയിച്ചു

**തിരുവനന്തപുരം:** 2025 ലെ ഓർഡിനറി ഡയറിയുടെയും ദിനസ്മരണയുടെയും വിൽപന വില ചരക്കുസേവന നികുതി ഒഴികെ നിശ്ചയിച്ച് ഉത്തരവായി. സർക്കാർ ഡയറി (ഓർഡിനറി) ക്ക് 229 രൂപയും ദിനസ്മരണയ്ക്ക് 120 രൂപയുമാണ് നിശ്ചയിച്ചത്.

## മേക്ക് ഇൻ ഇന്ത്യയുടെ ഒരു ദശാബ്ദം





# മേക്ക് ഇൻ ഇന്ത്യ സാധ്യമാക്കിയ പ്രധാന സംരംഭങ്ങൾ

പുനരുജീവനശേഷിയും നൂതനാശയങ്ങളും പ്രകടിപ്പിച്ചുകൊണ്ട് മേക്ക് ഇൻ ഇന്ത്യ എന്നതിൽ നിന്ന് 'മെയ്ഡ് ഇൻ ഇന്ത്യ' എന്നതിലേക്ക് ഇന്ത്യ പരിണമിച്ചു. 2014 ൽ പ്രധാനമന്ത്രി മോദി ആരംഭിച്ച ഈ സംരംഭം ഇന്ത്യയെ ഒരു ആഗോള ഉൽപ്പാദന കേന്ദ്രമാക്കി മാറ്റുന്നതിനും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും സാമ്പത്തിക വളർച്ചയെ പ്രോത്സാഹിപ്പിക്കുന്നതിനും ലക്ഷ്യമിട്ടുള്ളതാണ്. ഇപ്പോൾ 'മേക്ക് ഇൻ ഇന്ത്യ 2.0 ഘട്ടത്തിൽ, 27 മേഖലകളിലായി, നേരിട്ടുള്ള വിദേശ നിക്ഷേപ വളർച്ച 201415 ലെ 45.14 ശതകോടി ഡോളറിൽ നിന്ന് 202122 ൽ 84.83 ശതകോടി ഡോളറിന്റെ റെക്കോർഡ് വർദ്ധനയിലേക്ക് എത്തി. കഴിഞ്ഞ ദശകത്തിൽ, ഈ പദ്ധതി റെക്കോർഡുകൾ ഭേദിച്ചു. ഉൽപ്പാദനത്തിലും ഡിജിറ്റൽ നൂതനാശയത്തിലും ഇന്ത്യയെ നേതൃനിരയിലേക്ക് ഉയർത്തി. ഇത് പുരോഗതിയെയും ആഗോള സ്വാധീനത്തെയും പ്രതിഫലിപ്പിക്കുന്നു.



### പ്രൊഡക്ഷൻ ലിങ്ക്ഡ് ഇൻസെന്റീവ് (പിഎൽഐ) പദ്ധതി

മേക്ക് ഇൻ ഇന്ത്യ 2.0,27 മേഖലകളിലായി ഇന്ത്യയുടെ ഉൽപ്പാദന മേഖലയെ പുനരുജ്ജീവിപ്പിക്കുന്നു. 2024 ഓഗസ്റ്റിൽ 1.46 ലക്ഷം കോടി രൂപയുടെ നിക്ഷേപവും , 12.5 ലക്ഷം കോടി രൂപയുടെ ഉൽപ്പാദനവും 4 ലക്ഷം കോടി രൂപയുടെ കയറ്റുമതിയും 9.5 ലക്ഷം തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെട്ടു. കയറ്റുമതി 4 ലക്ഷം കോടി രൂപ കവിഞ്ഞു.



### ഇലക്ട്രോണിക്സ് മേഖല

സാമ്പത്തിക വർഷം 25ന്റെ ആദ്യ ഏഴ് മാസങ്ങളിൽ, ഇന്ത്യയിൽ ഐഫോൺ ഉത്പാദനം 10 ബില്യൺ ഡോളറിലെത്തി. 7 ബില്യൺ ഡോളർ കയറ്റുമതി ചെയ്തു കൊണ്ട് ഇത് പുതിയ റെക്കോർഡുകൾ സൃഷ്ടിച്ചു. കഴിഞ്ഞ നാല് വർഷത്തിനിടയിൽ, ആപ്പിൾ 1,75,000 നേരിട്ടുള്ള തൊഴിലവസരങ്ങൾ സൃഷ്ടിച്ചു, അതിൽ 72% ചുമതലകളും സ്ത്രീകളാണ് വഹിക്കുന്നത്

### തദ്ദേശീയമായി വികസിപ്പിച്ച നൂതനാശയങ്ങൾ

2016ൽ സമാരംഭിച്ചതുമുതൽ, യു പി ഐ തുടർച്ചയായി പുതിയ ഉയരങ്ങൾ കീഴടക്കി. ആഗോളതലത്തിൽ തത്സമയ പണമിടപാടുകളുടെ 46% എന്ന വിസ്മയകരമായ നേട്ടം കൈവരിച്ചു. ഈ മേഖലയിൽ ഒരു പ്രധാന നേതൃ ശക്തിയായി തുടരുന്നു.



### ഫാർമ മേഖല

പി എൽ ഐ പദ്ധതി ആഗോള ഫാർമസ്യൂട്ടിക്കൽസ് വിപണിയിൽ ഇന്ത്യയുടെ സ്ഥാനം ശക്തിപ്പെടുത്തി, അളവിന്റെ അടിസ്ഥാനത്തിൽ മൂന്നാമത്തെ വലിയ രാജ്യമായി.മേക്ക് ഇൻ ഇന്ത്യ പോലുള്ള സംരംഭങ്ങളുടെ ദീർഘകാല സ്വാധീനമാണ് ഈ നേട്ടം പ്രതിഫലിപ്പിക്കുന്നത്. തൽഫലമായി, ഉൽപ്പാദനത്തിന്റെ 50% ഇപ്പോൾ കയറ്റുമതിയിലേക്ക് നീക്കി വയ്ക്കപ്പെടുന്നു.ഇത് ആഗോള ഫാർമ വ്യവസായത്തിൽ ഇന്ത്യയുടെ വർദ്ധിച്ചു വരുന്ന സ്വാധീനത്തിന് തെളിവാണ്.

### ടെക്സ്റ്റൈൽ വ്യവസായം



പിഎം മിത്ര പദ്ധതി, ബ്രാൻഡിംഗ് രംഗത്ത് ഇത്തരത്തിലെ ആദ്യത്തെ സംരംഭമായ 2023ൽ ആരംഭിച്ച കസ്തൂരി കോട്ടൺ ഭാരത് പരിപാടി,ഉയർന്ന ഗുണനിലവാരം, സർട്ടിഫിക്കേഷൻ പ്രവർത്തനങ്ങൾ, ടെക്സ്റ്റൈൽ മേഖലയിലെ വിഭവശേഷി വികസനത്തിനായി 2017ൽ ആരംഭിച്ച സമർഥ് പദ്ധതി എന്നിവ, ഇന്ത്യൻ ടെക്സ്റ്റൈൽ വ്യവസായ മേഖലയെ ആഗോള നേതൃസ്ഥാനത്തേക്ക് എത്തിക്കുന്നതിനുള്ള അടിത്തറ പണിതു.

നിലവിൽ, തുണിത്തരങ്ങളുടെയും വസ്ത്രങ്ങളുടെയുംലോകത്തിലെ ഏറ്റവും വലിയ നിർമ്മാതാവാണ് ഇന്ത്യ. ഇത് ആഗോള വ്യാപാരത്തിന്റെ 4.6% സംഭാവന ചെയ്യുന്നു. ചൈനയ്ക്കും ജർമ്മനിക്കും ശേഷം തുണിത്തരങ്ങൾ കയറ്റുമതി ചെയ്യുന്ന ലോകത്തിലെ മൂന്നാമത്തെ വലിയ രാജ്യമാണ് ഇന്ത്യ. ടെക്സ്റ്റൈൽ വിപണി വളരെ വലുതും ഇപ്പോഴും വികസിച്ചുകൊണ്ടിരിക്കുന്നതും ആയതിനാൽ, 35 ലക്ഷം കൈത്തറി തൊഴിലാളികൾ ഉൾപ്പെടെ ഏകദേശം 4.5 കോടി പേർ ഈ മേഖലയിൽ ജോലി ചെയ്യുന്നു.

### റെയിൽവേ

2024 ഡിസംബർ 2 വരെ ഉള്ള കണക്കുകൾ പ്രകാരം, ചെയർ കാർ കോച്ചുകളുള്ള 136 വന്ദേ ഭാരത് ട്രെയിനുകൾ ഇന്ത്യൻ റെയിൽവേ ശൃംഖലയിലുടനീളം പ്രവർത്തിക്കുന്നുണ്ട്. മേക്ക് ഇൻ ഇന്ത്യയുടെ മുഖമുദ്രയായ 136 വന്ദേ ഭാരത് ട്രെയിനുകളുടെ ആവിഷ്കാരം, ലോകോത്തരവും തദ്ദേശീയമായി നിർമ്മിച്ചതുമായ റെയിൽ സാങ്കേതിക വിദ്യ ഒരുക്കാനുള്ള രാജ്യത്തിന്റെ കഴിവ് പ്രകടമാക്കുന്നു.

### പ്രതിരോധ മേഖല




മെയ്ക്ക് ഇൻ ഇന്ത്യ പദ്ധതിയുടെ പ്രധാന ശ്രദ്ധാകേന്ദ്രങ്ങളിലൊന്നായ പ്രതിരോധ മേഖലയും റെക്കോർഡുകൾ ഭേദിച്ചുകൊണ്ട് പുരോഗതി കൈവരിച്ചു. 90ലധികം രാജ്യങ്ങളിലേക്കുള്ള കയറ്റുമതിയിലൂടെ ഇന്ത്യയുടെ പ്രതിരോധ ഉൽപ്പാദനം 202324ൽ 1.27 ലക്ഷം കോടി എന്ന എക്കാലത്തെയും ഉയർന്ന റെക്കോർഡ് നിലയിലെത്തി. കണക്കുകൾ 30 മടങ്ങോളം വർദ്ധിച്ചുകൊണ്ട് കഴിഞ്ഞ ദശകത്തിൽ ഇന്ത്യയുടെ പ്രതിരോധ കയറ്റുമതിയിൽ അസാധാരണമായ ഉയർച്ചയുണ്ടായി.

മേക്ക് ഇൻ ഇന്ത്യ പദ്ധതിയുടെ സാക്ഷ്യപത്രമാണ് വഡോദരയിൽ അടുത്തിടെ ഉദ്ഘാടനം ചെയ്ത ഇന്ത്യയിലെ ആദ്യത്തെ സ്വകാര്യ സൈനിക വിമാന സംവിധാനം.

ഇപ്പോൾ, പ്രതിരോധ ഉപകരണങ്ങളുടെ 65% ഇന്ത്യയിലാണ് നിർമ്മിക്കുന്നത്. ഇത് രാജ്യത്തിന്റെ സ്വാശ്രയത്വം വളരുന്നത് പ്രതിഫലിപ്പിക്കുന്നു.

മേക്ക് ഇൻ ഇന്ത്യയുടെ ഭാഗമായി, ധനുഷ് ആർട്ടിലറി ഗൺ സിസ്റ്റം, എടിഎജിഎസ്, അർജുൻ ടാങ്ക്, തേജസ് യുദ്ധവിമാനം, അന്തർവാഹിനികൾ, ഫ്രിഗേറ്റുകൾ, കൊർവെറ്റുകൾ, ഐഎൻഎസ് വിക്രാന്ത് തുടങ്ങിയ സുപ്രധാന പ്രതിരോധ പ്ലാറ്റ്ഫോമുകൾ വികസിപ്പിച്ചെടുത്തിട്ടുണ്ട്. ഇത് ഇന്ത്യയുടെ പ്രതിരോധരംഗത്തെ നൂതനമായ ശേഷി എടുത്തു കാണിക്കുന്നു.



### ടെലികോം മേഖല

പി എൽ ഐ പദ്ധതിക്ക് കീഴിൽ ടെലികോം ഉൽപ്പന്നങ്ങളിൽ ഇന്ത്യ 60% ഇറക്കുമതി ബദൽ കൈവരിച്ചു.ആഗോള ടെക് കമ്പനികൾ നിർമ്മാണ യൂണിറ്റുകൾ സ്ഥാപിക്കുകയും ഇന്ത്യയെ 4ഏ, 5ഏ ടെലികോം ഉപകരണങ്ങളുടെ പ്രധാന കയറ്റുമതി രാജ്യമാക്കുകയും ചെയ്തു. പിഎൽഐ പദ്ധതി മൂലം വിറ്റുവരവ് ഏഴ് മടങ്ങ് വർധിച്ചതോടെ ഡ്രോൺ മേഖലയും അതിവേഗ വളർച്ച കൈവരിച്ചു. ജഘക പദ്ധതി ഇന്ത്യയുടെ വ്യാവസായിക അടിത്തറ ശക്തിപ്പെടുത്തുക മാത്രമല്ല, ആഗോള വിതരണ ശൃംഖലകളിലേക്കുള്ള സംയോജനത്തെ ത്വരിതപ്പെടുത്തുകയും, വരും വർഷങ്ങളിൽ സുസ്ഥിരമായ വളർച്ചയും സമൃദ്ധിയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു.

# മലയാളം ലോക സാഹിത്യത്തിന് നൽകിയ അപൂർവ പ്രതിഭയാണ് എം ടി വാസുദേവൻ നായർ: മുഖ്യമന്ത്രി

**തിരുവനന്തപുരം:** മലയാളം ലോക സാഹിത്യത്തിനു നൽകിയ അപൂർവ്വ പ്രതിഭകളിൽ ഒരാളാണ് എം ടി വാസുദേവൻ നായരെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. സാംസ്കാരിക വകുപ്പിന്റെ ആഭിമുഖ്യത്തിൽ തിരുവനന്തപുരം ടാഗോർ തിയേറ്ററിൽ നടന്ന എം ടി അനുസ്മരണം ഉദ്ഘാടനം ചെയ്യുകയായിരുന്നു മുഖ്യമന്ത്രി. നമ്മുടെ സംസ്കാരത്തിന്റെ ഭാഗമായി ലയിച്ചുചേർന്നു കഴിഞ്ഞ മഹാനായ എം ടിക്ക് ആദരാഞ്ജലികളർപ്പിക്കുന്ന അനുശോചന യോഗത്തിൽ എല്ലാവരേയും പോലെ ഏറെ വേദനയോടെയാണ് പങ്കെടുക്കുന്നതെന്ന് മുഖ്യമന്ത്രി പറഞ്ഞു.

സാംസ്കാരിക വകുപ്പ് മന്ത്രി സജി ചെറിയാൻ അധ്യക്ഷത വഹിച്ച ചടങ്ങിൽ ചീഫ് സെക്രട്ടറി ശാരദാ മുരളീധരൻ സ്വാഗതമാശംസിച്ചു.

ഭക്ഷ്യ പൊതുവിതരണവകുപ്പ് മന്ത്രി ജി.ആർ. അനിൽ, എ.എ. റഹീം എം.പി., ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഡി. സുരേഷ് കുമാർ, കൗൺസിലർ രാഖി രവികുമാർ, അഡീഷണൽ ചീഫ് സെക്രട്ടറി ഡോ. രാജൻ എൻ. ഖോബ്രഗഡേ എന്നിവർ സംബന്ധിച്ചു.

എൻ.എസ്. മാധവൻ, ഷാജി എൻ. കരുൺ, കെ.ജയകുമാർ, വി. മധുസൂദനൻ നായർ, ജി.സുരേഷ് കുമാർ, പ്രേംകുമാർ, എം. ജയചന്ദ്രൻ, മേനക സുരേഷ്, ജലജ, മധുപാൽ, വേണു, മുരുകൻ കാട്ടാക്കട, അശോകൻ ചരുവിൽ, ജോസ് പനച്ചിപ്പുറം, ആർ.എസ്. ബാബു, വി.എസ്. രാജേഷ് തുടങ്ങിയവർ എം.ടിയെ അനുസ്മരിച്ചു. സാംസ്കാരിക വകുപ്പ് ഡയറക്ടർ ഡോ. ദിവ്യ എസ്. അയ്യർ ചടങ്ങിൽ നന്ദി അറിയിച്ചു. തുടർന്ന് എം.ടി. വാസുദേവൻ നായർ സംവിധാനം ചെയ്ത നിർമ്മാല്യം പ്രദർശിപ്പിച്ചു.



# കലയിലൂടെ ജീവന്റെ സന്ദേശം പകർന്നു ജീവോത്സവം

## ജീവൻ ഫെസ്റ്റ് കൊല്ലം ബിഷപ് ഡോ. പോൾ ആൻറണി മുല്ലശേരി ഉദ്ഘാടനം ചെയ്തു

**കൊല്ലം :** പ്രോലൈഫ് കൊല്ലം രൂപത സമിതിയുടെ നേതൃത്വത്തിൽ ഇൻറർനാഷണൽ പീപ്പിൾ ലീപ് ഓർഗനൈസേഷൻ(ഇപ്ലോ), വി കെയർ പാലിയേറ്റീവ് ആൻറ് ചാരിറ്റബിൾ ട്രസ്റ്റ്, കരുതൽ അക്കാദമി എന്നിവയുടെ പിന്തുണയോടെ കൊല്ലം സോപാനത്തിൽ നടന്ന ഇൻറർനാഷണൽ ജീവൻ ഫെസ്റ്റ് 2024 സംഘടിപ്പിച്ചു. ഇൻറർനാഷണൽ ജീവൻ ഫെസ്റ്റ് കൊല്ലം രൂപതാധ്യക്ഷനും കെ സി ബി സി പ്രോലൈഫ് സമിതി ചെയർമാനുമായ ബിഷപ് ഡോ. പോൾ ആൻറണി മുല്ലശേരി ഉദ്ഘാടനം ചെയ്തു.

മനുഷ്യജീവനെ സംരക്ഷിക്കാൻ, മനുഷ്യൻറെ പൂർണത സംജാതമാകാൻ മനുഷ്യ മഹാത്മ്യം ഉയർത്തിപ്പിടിക്കുവാൻ പ്രോലൈഫ് പ്രസ്ഥാനവും പ്രവർത്തകരും ശ്രമിക്കണമെന്ന് ബിഷപ് ഉദ്ഘാടന പ്രസംഗത്തിൽ പറഞ്ഞു.കുടുംബങ്ങൾ പ്രോലൈഫ് ആകണം. വാല്യൂ എഡ്യൂക്കേഷൻ കുടുംബങ്ങൾക്ക് നൽകണം.

അതോടൊപ്പം തന്നെ വേണ്ടതാണ് പ്രകൃതി സംരക്ഷണം. അത് ജീവസംരക്ഷണമാണ്. എല്ലാം എത്തിച്ചേരുന്നത് മനുഷ്യൻറെ മാഹാത്മ്യ സംരക്ഷണത്തിലേക്കാണെന്നും ബിഷപ് പറഞ്ഞു.ചടങ്ങിൽ കൊല്ലം രൂപത പ്രോലൈഫ് സമിതി കോർഡിനേറ്റർ ജോർജ് എഫ് സേവ്യർ വലിയവീട് അധ്യക്ഷത വഹിച്ചു.

രൂപത വികാരി ജനറൽ ഫാ. ഡോ. ബൈജു ജൂലിയാൻ,കെ സി ബി സി പ്രോലൈഫ് സമിതി ഡയറക്ടർ ഫാ. ക്ളീറ്റസ് കതിർപറമ്പിൽ, ഫാമിലി അപ്പോസ്റ്റലേറ്റ് കൊല്ലം രൂപത ഡയറക്ടർ ഫാ. ഷാജൻ, ജെയിംസ് ആഴ്ചങ്ങാടൻ, ആനിമേറ്റർമാരായ സാബു ജോസ്, സിസ്റ്റർ മേരി ജോർജ്, അരുൺ ജോസഫ്,കരുതൽ അക്കാഡമി പ്രിൻസിപ്പൽ ബെറ്റ്സി എഡിസൺ, ക്യാപ്റ്റൻ ക്രിസ്റ്റഫർ ഡിക്കോസ്റ്റ, കെ സി ബി സി പ്രോലൈഫ് സമിതി ഭാരവാഹികളായ ട്രഷറർ ടോമി പ്ലാത്തോട്ടം, വൈസ് പ്രസിഡൻറ് ഡോ. ഫ്രാൻസിസ് ജെ ആറാടൻ, സെക്രട്ടറിമാരായ ഇഗ്നേഷ്യസ് വിക്ടർ,സെമിലി സുനിൽ എന്നിവർ പ്രസംഗിച്ചു.

മാർ പോൾ ചിറ്റിലപ്പള്ളി മെമ്മോറിയൽ സെൻറ് ജോൺ പോൾ സെക്കൻറ് അവാർഡ് കൊല്ലം രൂപത വികാരി ജനറൽ റവ. ഡോ. ബൈജു ജൂലിയാനും മാർ മാത്യു ആനിക്കുഴിക്കാട്ടിൽ മെമോറിയൽ സെൻറ് ജോസഫ് അവാർഡ് ഫാ. ക്ളീറ്റസ് കതിർപറമ്പിലിനും ഫാ. ജോസഫ് പുത്തൻപുര മെമ്മോറിയൽ സെൻറ് ആൻറണി അവാർഡ് പാലാ രൂപത അംഗം യുഗേഷ് തോമസ് പുളിക്കനും ,

ഡോ. എം. ജോൺ ഐപ്പ് മെമ്മോറിയൽസെൻറ് മറിയം തെരേസ അവാർഡ് ഡോ ഫിൻറോ ഫ്രാൻസിസിനും, ഡോ. സിസ്റ്റർ മേരി മാർസലസ് മെമ്മോറിയൽ സെൻറ് മദർ തെരേസ അവാർഡ് പാലാ രൂപത അംഗം സിസ്റ്റർ മേരി ജോർജ് എഫ് സി സി ക്കും ,ജേക്കബ് മാത്യു പള്ളിവാതുക്കൽ മെമ്മോറിയൽ സെൻറ് ഫ്രാൻസിസ് അസിസി അവാർഡ് സാബു ജോസിനും,

അഡ്വ. ജോസി സേവ്യർ മെമ്മോറിയൽ സെ ൻറ് വിൻസെൻറ് ഡി പോൾ അവാർഡ് കോതമംഗലം രൂപത അംഗം ടോമി ദിവ്യരക്ഷാലയം, മാർട്ടിൻ ജെ ന്യൂനസ്എന്നിവരെ കൂടാതെ കെ സി ബി സി പ്രോലൈഫ് സമിതി സംസ്ഥാന ഭാരവാഹികളായ ജെയിംസ് ആഴ്ചങ്ങാടൻ, ടോമി പ്ലാത്തോട്ടം,ഡോ. ഫ്രാൻസിസ് ജെ ആറാടൻ, ഇഗ്നേഷ്യസ് വിക്ടർ, സെമിലി സുനിൽ എന്നിവർക്ക് ജീവസംരക്ഷണ പുരസ്കാരവും നൽകി.

കൊല്ലം രൂപതാംഗങ്ങളായ ഫാ. ഫിൽസൻ ഫ്രാൻസിസിന് നവമാധ്യമ മേഖലയിലെ പ്രവർത്തനത്തിനും , ജയിൻ ആൻസിൽ ഫ്രാൻസിസിന് സ്ത്രീ ഉന്നമന പ്രവർത്തനത്തിനും , ആലപ്പി സ്റ്റാലിന് മ്യൂസിഷ്യൻ എന്ന നിലയിലും , പുസ്തക പ്രസാധകൻ എന്ന നിലയിൽ വി ടി കുരീപ്പുഴക്കും , പ്രവാസി എഴുത്തുകാരൻ ജോസഫ് എഡ്വേർഡിനും , വിദ്യാഭ്യാസ മേഖലയിൽ ഡോ. ബിജു ടെറൻസിനും തിയൊഫിൻ ഫ്രഡിക്കും,

ആതുരസേവന മേഖലയിൽ ഡോ .തോമസ് അൽഫോൺസിനും മാധ്യമ മേഖലയിൽ സുധീർ തോട്ടുവാലിനും , സിനിമ മേഖലയിൽ ടി. എസ്.സാബുവിനും, നാടക സിനിമ മേഖലയിൽ ജോസ് ടൈറ്റസിനും ,

സിനിമ ഗാന രചയിതാവും കവിയുമായ ജോസ് മോത്തക്കും കർമ്മരത്ന പുരസ്കാരവും ഇൻറർനാഷണൽ ജീവൻ ഫെസ്റ്റ് 2024 ൽ സമ്മാനിച്ചു . അരുൺ ജോസഫ്, റെയ്മ, ഗോഡ്വിൻ മൈക്കിൾ, ആൻസി, അഗസ്റ്റിൻ മൈക്കിൾ, ജാക്വിലിൻ എന്നിവർക്ക് കൊല്ലം രൂപതയുടെ ആദരവുകൾ സമ്മാനിച്ചു.

## വിവരാവകാശ നിയമം 2005: ഓൺലൈൻ സർട്ടിഫിക്കറ്റ് കോഴ്സ് രജിസ്ട്രേഷൻ

**തിരുവനന്തപുരം:** വിവരാവകാശ നിയമം 2005നെക്കുറിച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റ് (ഐ.എം.ജി) ജനുവരിയിൽ നടത്തുന്ന സൗജന്യ ഓൺലൈൻ സർട്ടിഫിക്കറ്റ് കോഴ്സിന്റെ രജിസ്ട്രേഷൻ ആരംഭിച്ചു. ഇംഗ്ലീഷിലും മലയാളത്തിലും കോഴ്സ് ലഭ്യമാണ്. 16 വയസ് കഴിഞ്ഞവർക്ക് രജിസ്റ്റർ ചെയ്യാം. താത്പര്യമുള്ളവർ rti.img.kerala.gov.in മുഖേന ജനുവരി 2 മുതൽ 17വരെ ഓൺലൈനായി രജിസ്റ്റർ ചെയ്യണം. കോഴ്സ് ജനുവരി 19ന് ആരംഭിക്കും.

## ലൈഫ് ഗാർഡ് കം ട്രെയിനർ വാക്ക് ഇൻ ഇന്റർവ്യൂ

**ആലപ്പുഴ:** രാജാകേശവദാസ് നീന്തൽകുളത്തിന്റെ പ്രവർത്തനങ്ങൾക്കായി ലൈഫ് ഗാർഡ് കം ട്രെയിനർ തസ്തികയിലേയ്ക്ക് നിയമനം നടത്തുന്നു. 2025 ജനുവരി എട്ടിന് രാവിലെ 11 ന് ആലപ്പുഴ ജില്ലാ സ്പോർട്സ് കൗൺസിൽ ഓഫീസിൽ വച്ച് നടക്കുന്ന വാക്ക് ഇൻ ഇന്റർവ്യൂവിൽ പങ്കെടുക്കാൻ താൽപര്യമുള്ള ഉദ്യോഗാർഥികൾ വിശദമായ ബയോഡാറ്റ, യോഗ്യത, പ്രവൃത്തിപരിചയം എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ അസ്സൽ സഹിതം നേരിട്ട് ഹാജരാകേണ്ടതാണ്. ഉദ്യോഗാർഥികൾ 18 നും 45 നുമിടയിൽ പ്രായമുള്ള പുരുഷന്മാർ ആയിരിക്കണം. യോഗ്യത എസ്എസ്എൽസി വിജയം, അംഗീകൃത അസോസിയേഷനുകളിൽ നിന്നോ അംഗീകൃത സ്ഥാപനങ്ങളിൽ നിന്നോ സ്പോർട്സ് അതോറിറ്റി ഓഫ് ഇന്ത്യയിൽ നിന്നോ ലഭിച്ച ലൈഫ് ഗാർഡ് കോഴ്സ് സർട്ടിഫിക്കറ്റ്, ഏതെങ്കിലും നീന്തൽകുളത്തിൽ ലൈഫ് ഗാർഡായി രണ്ടു വർഷത്തിൽ കുറയാത്ത പ്രവൃത്തിപരിചയം. സംസ്ഥാന നീന്തൽ മത്സരത്തിൽ മെഡൽ നേടിയ കായികതാരങ്ങൾക്ക് മുൻഗണന ലഭിക്കും. വിശദവിവരങ്ങൾക്ക് ഫോൺ: 04772253090.

## ജില്ലാ വിജിലൻസ് കമ്മിറ്റി യോഗം ചേർന്നു

**തിരുവനന്തപുരം:** ജില്ലാ വിജിലൻസ് കമ്മിറ്റിയുടെ മൂന്നാം പാദ യോഗം എഡിഎം വിനീത് റ്റി.കെയുടെ അധ്യക്ഷതയിൽ കളക്ട്രേറ്റ് കോൺഫറൻസ് ഹാളിൽ ചേർന്നു. എല്ലാ സർക്കാർ വകുപ്പുകളിലും ആഭ്യന്തര വിജിലൻസ് വിഭാ?ഗത്തിന്റെ ഫോൺ നമ്പർ ഉൾപ്പെടെയുള്ള വിവരങ്ങൾ അടങ്ങിയ ബോർഡ് സ്ഥാപിക്കണമെന്ന് യോഗം ആവശ്യപ്പെട്ടു. പൊതുജനങ്ങൾക്ക് വകുപ്പുകളെ സംബന്ധിച്ച പരാതികൾ നൽകുന്നതിനും ജനസേവനം കാര്യക്ഷമമാക്കുന്നതിനും ഇത് ഉപകരിക്കുമെന്ന് യോഗം വിലയിരുത്തി.

വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ തിരുവനന്തപുരം യൂണിറ്റ് ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് വിനോദ് കുമാർ.ആർ, ഇൻസ്പെക്ടർ ഓഫ് പോലീസ് അനിൽകുമാർ എസ്.എൽ, സബ് ഇൻസ്പെക്ടർമാരായ സഞ്ജയ് ബി, പ്രകാശ് വി, വിവിധ വകുപ്പുകളിലെ ആഭ്യന്തര വിജിലൻസ് വിഭാഗം ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുത്തു.

## മത്സ്യബന്ധന യാനങ്ങൾ നൽകുന്നതിന് അപേക്ഷ ക്ഷണിക്കുന്നു

**തിരുവനന്തപുരം:** പ്രധാനമന്ത്രി മത്സ്യ സമ്പദ് യോജന പദ്ധതി പ്രകാരം മത്സ്യത്തൊഴിലാളികൾക്ക് ആഴക്കടൽ മത്സ്യബന്ധന യാനങ്ങൾ നൽകുന്നതിന്റെ ഭാഗമായി ജില്ലയിലെ മത്സ്യത്തൊഴിലളികളിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുന്നു.

അപേക്ഷകൾ ബന്ധപ്പെട്ട മത്സ്യഭവൻ ഓഫീസുകളിൽ ജനുവരി 10ന് മുൻപ് സമർപ്പിക്കണം. വിശദവിവരങ്ങൾക്ക് മത്സ്യഭവൻ ഓഫീസുമായോ ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ (മേഖല) തിരുവനന്തപുരം കാര്യാലയവുമായോ ബന്ധപ്പെടാവുന്നതാണ്. ഫോൺ: 0471 2450773.

## എൽ.എൽ.എം: സ്ട്രേ വേക്കൻസി അലോട്ട്മെന്റ് ആരംഭിച്ചു, ഓപ്ഷനുകൾ നൽകാം

**തിരുവനന്തപുരം:** കേരളത്തിലെ ഗവൺമെന്റ് ലോ കോളേജുകളിലെയും, സ്വകാര്യ സ്വാശ്രയ ലോ കോളേജുകളിലെയും 202425 ലെ എൽ.എൽ.എം.കോഴ്സ് പ്രവേശനത്തിനായി നടത്തിയ വേക്കന്റ് സീറ്റ് അലോട്ട്മെന്റിനു ശേഷമുള്ള ഒഴിവുകളിലേയ്ക്ക് പ്രവേശനത്തിന് പരിഗണിക്കുന്നതിന് ഒന്നാം ഘട്ട സ്ട്രേ വേക്കൻസി അലോട്ട്മെന്റ് നടപടികൾ www.cee.kerala.gov.in ൽ ആരംഭിച്ചു.

യോഗ്യരായ വിദ്യാർഥികൾക്ക് ഈ ഘട്ടത്തിൽ പുതുതായി ഓൺലൈൻ ഓപ്ഷനുകൾ ജനുവരി 3ന് വൈകിട്ട് 3 മണിവരെ രജിസ്റ്റർ ചെയ്യാം. സ്ട്രേ വേക്കൻസി അലോട്ട്മെന്റ് രജിസ്ട്രേഷൻ ഫീസ്, മറ്റു നിബന്ധനകൾ എന്നിവ സംബന്ധിച്ച എല്ലാ വിശദാംശങ്ങളും വെബ്സൈറ്റിൽ ലഭ്യമാണ്.

വിശദ വിവരങ്ങൾക്ക് പ്രവേശന പരീക്ഷാ കമ്മീഷണറുടെ മേൽ വെബ്സൈറ്റിലെ വിജ്ഞാപനം കാണുക.



ഇസ്കഫ് എറണാകുളം മേഖലാ കമ്മറ്റിയുടെ നേതൃത്വത്തിൽ ചാവറ കൾച്ചറൽ സെന്ററിൽ നടത്തിയ എം.ടി വാസുദേവൻ നായർ അനുസ്മരണ സമ്മേളനത്തിൽ ഫാ അനിൽഫിലിപ്പ് മുഖ്യ പ്രഭാഷണം നടത്തുന്നു

# മലയാളത്തിന്റെ ഇതിഹാസ സാഹിത്യകാരനായിരുന്നു എംടി : ഫാ അനിൽ ഫിലിപ്പ്

**കൊച്ചി:** അന്തർദേശീയ സാഹിത്യവുമായി മലയാള സാഹിത്യത്തെ ബന്ധപ്പെടുത്തിയ ഇതിഹാസ സാഹിത്യകാരനായിരുന്നു എം ടി വാസുദേവൻ നായരെന്ന് ചാവറ കൾച്ചറൽ സെന്റർ ഡയറക്ടർ ഫാ അനിൽ ഫിലിപ്പ് പറഞ്ഞു. ഇസ്കഫ് എറണാകുളം മേഖല കമ്മറ്റിയുടെ നേതൃത്വത്തിൽ ചാവറ കൾച്ചറൽ സെന്ററിൽ സംഘടിപ്പിച്ച എം.ടി വാസുദേവൻ നായർ അനുസ്മരണ സമ്മേളനത്തിൽ മുഖ്യ പ്രഭാഷണം നടത്തി സംസാരിക്കുകയായിരുന്നു അദ്ദേഹം. എം ടിയുടെ ഓരോ കൃതികളും ചലച്ചിത്രം പോലെ ദൃശ്യാവിഷ്കാരമായിരുന്നു വായനക്കാർക്ക് നൽകിയിരുന്നത്. അതുകൊണ്ടുതന്നെ അദ്ദേഹത്തിന്റെ സൃഷ്ടികളെ തിക്കഥകളായി വീക്ഷിക്കാനാണ് തനിക്ക് താൽപര്യമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

സംഘടിപ്പിച്ചു. മേഖല സെക്രട്ടറി വി എസ് സുനിൽകുമാർ അധ്യക്ഷത വഹിച്ചു. അഡ്വ ബി ആർ മുരളീധരൻ അനുശോചന പ്രമേയം അവതരിപ്പിച്ചു. എം കെ മനോഹരൻ , ടി സി സൻജിത്ത്, ഷാജി ഇടപ്പള്ളി, എ പി ഷാജി, എന്നിവർ സംസാരിച്ചു.



# കുസാറ്റിന് കൊച്ചി മെട്രോയുടെ പുതുവർഷ സമ്മാനം ക്യാമ്പസ്സിലേക്ക് ബസ് സർവീസ

**കൊച്ചി:** മെട്രോയുടെ ജനകീയ വൽകരണത്തിന്റെ ഭാഗമായി കുസാറ്റ് കൃമ്പസ്സിലേക്കു ആരംഭിക്കുന്ന ബസ് സർവീസിനു മുന്നോടിയായി ഫീഡർ ബസ് സർവീസ് ട്രയൽ റൺ ആരംഭിച്ചു. കളമശ്ശേരി ടൗൺ മെട്രോ സ്റ്റേഷനിൽ നിന്നും ആരംഭിച്ചു തോഷിബ ജംഗ്ഷൻ ,കുസാറ്റ് സ്കൂൾ ഓഫ് എഞ്ചിനീയറിംങ്ങ് മെയിൻ ക്യാമ്പസ്,അമിനിറ്റി സെന്റർ വഴി അഡ്മിനിസ്ട്രേറ്റീവ് ഓഫീസിൽ എത്തി തിരിച്ച് വീണ്ടും അതേ വഴിയിൽ കളമശ്ശേരി ടൗണിൽ എത്തിച്ചേരും. രാവിലേയും വൈകുന്നേരവും മൂന്ന് വീതം ട്രിപ്പുകൾ ആണ് ഉദ്ദേശിക്കുന്നത്.ബസിന്റെ ട്രയൽ റണ്ണിനു അദ്ധ്യാപകരും ജീവനക്കാരും സ്വീകരണം നൽകി.കൊച്ചി മെട്രോ അഡീഷണൻ ജനറൽ മാനേജർ ഗോകുൽ ടി . ജി,സജിത്ത് വിജയകുമാർ എന്നിവർ പങ്കെടുത്തു. അടുത്ത ആഴ്ച്ചയോടെ റെഗുലർ സർവ്വീസ് തുടങ്ങും.

# കുസാറ്റ്: പ്രോജക്ട് ഫെല്ലോ ഒഴിവ്

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ ഗണിതശാസ്ത്ര വകുപ്പിൽ 2026 ൽ കാലാവധി അവസാനിക്കുന്ന മൂന്ന് വർഷത്തെ കെ.എസ്.സി.എസ്.ടി.ഇ യംങ് സയൻറിസ്റ്റ സ്കീമിൽ പ്രോജക്ട് ഫെല്ലോ തസ്തികയിലേക്ക് അപേക്ഷകൾ ക്ഷണിക്കുന്നു. എം പിഎച്ച്ഡി/യുജിസി നെറ്റ് യോഗ്യതയുള്ളവർക്ക് മുൻഗണന. എസ് സി മാത്തമാറ്റിക്സിൽ 60 ശതമാനത്തിൽ കുറയാതെ മാർക്ക് ഉള്ളവർക്ക് അപേക്ഷിക്കാം.താൽപര്യമുള്ള ഉദ്യോഗാർത്ഥികൾ അക്കദമിക യോഗ്യതകളുടെ എല്ലാ സർട്ടിഫിക്കറ്റുകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സഹിതം ജനുവരി 9 നകം 'ഡോ.അമ്പിളി എ.എ, പ്രിൻസിപ്പൽ ഇൻവസ്റ്റിഗേറ്റർ, കെ.എസ്.സി.എസ്.ടി.ഇ യംങ് സയൻറിസ്റ്റ സ്കീം, ഗണിതശാസ്ത്ര വകുപ്പ്,കുസാറ്റ്, കൊച്ചി22' എന്ന വിലാസത്തിൽ അയക്കുക. അപേക്ഷകൾ ഇമെയിൽ ആയി പ്രിൻസിപ്പൽ ഇൻവസ്റ്റിഗേറ്റർ ഡോ.അമ്പിളി എ.എ യ്ക്ക് ambily@cusat.ac.in എന്ന വിലാസത്തിലേക്ക് അയക്കുക. അഭിമുഖം ജനുവരി 10 ന് ആയിരിക്കും നടത്തുക. കൂടുതൽ വിവരങ്ങൾക്ക് 04842862523 എന്ന നമ്പറിൽ ബന്ധപ്പെടുക.

# 8 വർഷത്തെ സ്വപ്ന സാഫല്യം: മൂന്ന് പൊന്നോമനകളുമായി തൃശ്ശൂരിൽ നിന്ന് തിരുപ്പൂരിലേക്ക് മടക്കം

**തൃശ്ശൂർ:** നഷ്ടപ്പെടുമെന്ന് കരുതിയ 3 പൊന്നോമനകളെ പൂർണ ആരോഗ്യത്തോടെ തിരികെ നൽകി തൃശ്ശൂർ മെഡിക്കൽ കോളേജ്. പാലക്കാട് സ്വദേശികളെങ്കിലും തമിഴ്നാട് തിരുപ്പൂരിൽ താമസിക്കുന്ന പ്രസീദയും ജയപ്രകാശുമാണ് സന്തോഷത്തോടെ കുഞ്ഞുങ്ങളുമായി നാട്ടിലേക്ക് മടങ്ങിയത്. രക്ഷപ്പെടില്ലെന്ന് കരുതിയിരുന്ന 3 കുഞ്ഞുങ്ങളെ വെന്റിലേറ്റർ ഉൾപ്പെടെയുള്ള അതിതീവ്ര പരിചരണം നൽകി മൂന്ന് മാസത്തെ ശ്രദ്ധാപൂർവമായ ചികിത്സയിലൂടെ പൂർണ ആരോഗ്യത്തിലേക്ക് എത്തിച്ചു. പത്ത് ലക്ഷത്തിലേറെ ചെലവ് വരുന്ന ചികിത്സ മൂന്ന് കുഞ്ഞുങ്ങൾക്കും സൗജന്യമായാണ് ലഭ്യമാക്കിയത്. മാതൃകാപരമായ പരിചരണം നൽകി കുഞ്ഞുങ്ങളെ രക്ഷിച്ച മെഡിക്കൽ കോളേജിലെ ടീമിനെ ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് അഭിനന്ദിച്ചു.

18 വർഷത്തെ കാത്തിരിപ്പിനൊടുവിലാണ് പ്രസീദക്കും ജയപ്രകാശിനും കുട്ടികൾ എന്ന സ്വപ്നം സഫലമായത്. നീണ്ട കാത്തിരിപ്പിന് ശേഷവും കുഞ്ഞുങ്ങൾ ഉണ്ടാവാതിരുന്നതിനാൽ ഐവിഎഫ് ചികിത്സയിലൂടെ ഗർഭം ധരിക്കുകയായിരുന്നു. കോയമ്പത്തൂരിൽ ഗർഭകാല ചികിത്സയും സ്കാനിങ്ങും നടത്തുകയും ചെയ്തു. അപ്പോഴാണ് പ്രസീദ 3 കുഞ്ഞുങ്ങൾക്കാണ് ജന്മം നൽകാൻ പോകുന്നത് എന്നറിഞ്ഞത്. എന്നാൽ മാസം തികയാതെ പ്രസവിക്കാനുള്ള സാധ്യത കൂടുതലാണെന്നും മൂന്ന് കുഞ്ഞുങ്ങളെ തീവ്രപരിചരണം നൽകി രക്ഷിച്ചെടുക്കുന്നത് പ്രയാസമേറിയതാണ് എന്നതിനാലും ഫീറ്റൽ റിഡക്ഷനിലൂടെ കുഞ്ഞുങ്ങളുടെ എണ്ണം കുറയ്ക്കാൻ പലരും നിർദ്ദേശിച്ചു. അതിന് വിസമ്മതിച്ച ഇവർ ഡോക്ടറുടെ നിർദ്ദേശമനുസരിച്ച് കുഞ്ഞുങ്ങൾക്ക് മികച്ച പരിചരണത്തിനായി തൃശ്ശൂർ മെഡിക്കൽ കോളേജിലേക്ക് വന്നു. ഏഴാം മാസത്തിൽ ജനിച്ച 2 പെൺകുഞ്ഞുങ്ങളുടേയും ഒരു ആൺകുഞ്ഞിന്റേയും തൂക്കം ഒരു കിലോഗ്രാമിലും താഴെയായിരുന്നു. അവിടെ നിന്നാണ് വിദഗ്ധ സംഘത്തിന്റെ മൂന്ന് മാസത്തെ ശ്രദ്ധാപൂർവമായ പരിചരണത്തിലൂടെ കുഞ്ഞുങ്ങളെ പൂർണ ആരോഗത്തിലേക്ക് എത്തിച്ചത്.



നവജാത ശിശുരോഗ വിഭാഗം മേധാവി ഡോ. ഫെബി ഫ്രാൻസിസിന്റേയും ശിശുരോഗ വിഭാഗം മേധാവി ഡോ. അജിത് കുമാറിന്റേയും നേതൃത്വത്തിൽ ഡോ. വിഷ്ണു ആനന്ദ്, ഡോ. മേധ മുരളി, ഡോ. നാഗാർജുൻ, ഡോ. ലിറ്റ, ഡോ. ആതിര, മറ്റ് ജൂനിയർ ഡോക്ടർമാർ എന്നിവരാണ് ചികിത്സ നൽകിയത്. ഹെഡ് നഴ്സുമാരായ സീന, സിസ്റ്റർ സജ്ന എന്നിവരുടെ നേതൃത്വത്തിലുള്ള നഴ്സുമാരുടെയും മറ്റ് എൻഐസിയു ജീവനക്കാരുടേയും പരിശ്രമ ഫലമായാണ് ഇത് സാധ്യമായത്. മൂന്ന് കുഞ്ഞുങ്ങൾക്കും 3 മാസം വരെ പരിപൂർണമായി മുലപ്പാൽ ഉറപ്പുവരുത്തിയത് നവജാതശിശു വിഭാഗത്തിൽ പ്രവർത്തിക്കുന്ന സമഗ്ര മുലയൂട്ടൽ പരിപാലന ക്രേന്ദത്തിലെ ജീവനക്കാരും നഴ്സുമാണ്.

ഗൈനക്കോളജി യൂണിറ്റ് ചീഫ് ഡോ. അജിത, മറ്റ് ഡോക്ടർമാരായ ഡോ. രശ്മി, ഡോ. അജിനി എന്നിവരടങ്ങുന്ന സംഘം അമ്മയ്ക്ക് വേണ്ട ഗർഭ ചികിത്സയും പ്രസവ ശുശ്രൂഷയും നൽകി. മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ ഡോ. അശോകൻ, സൂപ്രണ്ട് ഡോ. രാധിക, ഡെപ്യൂട്ടി സൂപ്രണ്ട് ഡോ. സന്തോഷ്, എ.ആർ.എം.ഒ. ഡോ ഷിബി എന്നിവരുടെ പരിപൂർണ പിന്തുണയുമുണ്ടായിരുന്നു.

# ആയുഷ് മെഗാ മെഡിക്കൽ ക്യാമ്പ്: സമഗ്ര റിപ്പോർട്ട് മന്ത്രിയ്ക്ക് കൈമാറി

**തിരുവനന്തപുരം:** വയോജനങ്ങളുടെ ശാരീരിക മാനസിക ആരോഗ്യം ലക്ഷ്യമിട്ട് സംസ്ഥാന ആയുഷ് വകുപ്പിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച സ്പെഷ്യൽ വയോജന മെഡിക്കൽ ക്യാമ്പുകളുടെ റിപ്പോർട്ട് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജിന് നാഷണൽ ആയുഷ് മിഷൻ സ്റ്റേറ്റ് മിഷൻ ഡയറക്ടർ ഡോ. ഡി. സജിത് ബാബു കൈമാറി. ഒക്ടോബർ പകുതിയിലും നംവംബറിലുമാണ് ക്യാമ്പുകൾ സംഘടിപ്പിച്ചത്. ഈ കാലയളവിൽ 2408 മെഡിക്കൽ ക്യാമ്പുകളാണ് സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലായി സംഘടിപ്പിച്ചത്. ഭാരതീയ ചികിത്സാ വകുപ്പിന്റെ നേതൃത്വത്തിൽ 1227 ക്യാമ്പുകളും ഹോമിയോപ്പതി വകുപ്പിന്റെ നേതൃത്വത്തിൽ 1181 ക്യാമ്പുകളുമാണ് സംഘടിപ്പിച്ചത്. ആകെ 1,76,386 വയോജനങ്ങൾ ക്യാമ്പുകളിൽ പങ്കെടുത്തു. അതിൽ 1,04,319 സ്ത്രീകളും 72,067 പുരുഷൻമാരുമാണ് ഉണ്ടായിരുന്നത്. ക്യാമ്പുകളിൽ പങ്കെടുത്ത 23.9 ശതമാനം വയോജനങ്ങൾക്ക് പ്രമേഹവും 25.09 വയോജനങ്ങൾക്ക് രക്താതിമർദവും ഉള്ളതായി കണ്ടെത്തി. വിവിധ രോഗങ്ങൾക്ക് കൂടുതൽ ചികിത്സ ആവശ്യമുള്ള 38,694 വയോജനങ്ങളെ ഉയർന്ന ആരോഗ്യ കേന്ദ്രങ്ങളിലേക്ക് റഫർ ചെയ്തു.



നാഷണൽ ആയുഷ് മിഷൻ, ഭാരതീയ ചികിത്സാ വകുപ്പ്, ഹോമിയോപ്പതി വകുപ്പ് എന്നിവയുടെ ആഭിമുഖ്യത്തിലാണ് ക്യാമ്പുകൾ സംഘടിപ്പിച്ചത്. ആയുർവേദം, ഹോമിയോപ്പതി, യോഗനാച്ചുറോപ്പതി, സിദ്ധ, യുനാനി തുടങ്ങിയ എല്ലാ ആയുഷ് വിഭാഗങ്ങളേയും ഉൾക്കൊള്ളിച്ചു കൊണ്ടാണ് മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിച്ചത്. സംസ്ഥാനത്തെ മുഴുവൻ സർക്കാർ ആയുഷ് ആശുപത്രികൾ, ഡിസ്പെൻസറികൾ, ആയുഷ് ആരോഗ്യ സ്വാസ്ഥ്യ കേന്ദ്രങ്ങൾ, ആയുഷ് പ്രൈമറി ഹെൽത്ത് സെന്ററുകൾ, ട്രൈബൽ ആയുഷ് ഡിസ്പെൻസറികൾ എന്നിവ മുഖേന പ്രദേശികാടിസ്ഥാനത്തിൽ വിവിധ സ്ഥലങ്ങളിലായിരുന്നു ഈ ക്യാമ്പുകൾ സംഘടിപ്പിച്ചത്.

ആയുർദൈർഘ്യം കൂടുതലുള്ള സംസ്ഥാനമാണ് കേരളം. വയോജനങ്ങളുടെ ആരോഗ്യ സംരക്ഷണത്തിന് സംസ്ഥാനം പ്രത്യേക പ്രാധാന്യമാണ് നൽകുന്നത്. അതിന്റെ ഭാഗമായാണ് ക്യാമ്പുകൾ സംഘടിപ്പിച്ചത്. വയോജനങ്ങൾ പൊതുവേ അനുഭവിക്കുന്ന ശാരീരികാരോഗ്യ പ്രശ്നങ്ങളായ പേശികളുടെയും അസ്ഥികളുടെയും ബലക്ഷയം, ഉറക്കക്കുറവ്, മലബന്ധം, ജീവിതശൈലി രോഗങ്ങൾ തുടങ്ങിയവയും അവരുടെ മാനസിക സാമൂഹികാരോഗ്യവും ആയുഷ് ചികിത്സാ സംവിധാനങ്ങളിലൂടെ മെച്ചപ്പെടുത്തുവാൻ ലക്ഷ്യമിട്ടാണ് ആയുഷ് വയോജന മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിച്ചത്.

സൊസൈറ്റി ടുഡേ
SOCIETY TODAY

# സൊനാറ്റ പുതിയ സ്ലീക്ക് വാച്ച് ശേഖരം അവതരിപ്പിച്ചു



**കൊച്ചി:** മുൻനിര വാച്ച് ബ്രാൻഡായ സൊണാറ്റ അതിൻറെ സ്ലീക്ക് സീരീസ് വാച്ചുകളുടെ ആറാമത് പതിപ്പ് വിപണിയിലവതരിപ്പിച്ചു. പുരുഷൻമാർക്കായുള്ള വാച്ചുകളുടെ ചരിത്രത്തിലെ ഏറ്റവും കനം കുറഞ്ഞ വാച്ച് കേസുകളാണ് പുതിയ സൊണാറ്റ സ്ലീക്ക് വാച്ചുകളുടേത്. ചാരുതയും പുതുമയും പുനർനിർവചിക്കാനുള്ള സൊണാറ്റയുടെ പ്രതിബദ്ധതയുടെ തെളിവാണ് പുതിയ വാച്ചുകളുടെ അവതരണം.

സൂക്ഷ്മതയോടെ രൂപകൽപ്പന ചെയ്യപ്പെട്ടവയാണ് പുതിയ സ്ലീക്ക് വാച്ചുകൾ. സമകാലിക യുവ പ്രൊഫഷണലുകളുടെ അഭിരുചികൾക്ക് അനുയോജ്യമായ മിനിമലിസ്റ്റ് സമീപനത്തെ ഉൾക്കൊള്ളുന്നവയാണ് ഈ ശേഖരം. ആകർഷകമായ ഒരു കലാരൂപം താങ്ങാനാവുന്ന വിലയിൽ ലഭ്യമാക്കുകയാണ് സ്ലീക്ക് ശേഖരത്തിലൂടെ സൊനാറ്റ.

ഡിഷ് കൺസ്ട്രക്റ്റഡ് ബോട്ടത്തോടു കൂടിയ അൾട്രാസ്ലിം 6.05 മില്ലീമീറ്റർ പ്രൊഫൈലാണ് സ്ലീക്ക് വാച്ചുകൾക്ക്. മികച്ച റിസ്റ്റ് ഫിറ്റ്മെൻറിനൊപ്പം മെറ്റൽ, ലെതർ, മെഷ് സ്ട്രാപ്പുകളിൽ ലഭ്യമാകുന്ന ഇവ പുതിയ തലമുറയുടെ ചലനാത്മകമായ ജീവിതശൈലിയോട് ചേർന്ന് പോകുന്നവയാണ്.

1,895 മുതൽ 2,895 രൂപ വരെയാണ് സ്ലീക്ക് വാച്ചുകളുടെ വില. ഇന്ത്യയിലുടനീളമുള്ള റീട്ടെയിൽ ഔട്ട്ലെറ്റുകളിലും www.sonatawatches.in-ലും സ്ലീക്ക് വാച്ചുകൾ ലഭ്യമാണ്.

സൊനാറ്റയുടെ പുതുമയുടെയും മികവിൻറെയും യാത്രയിൽ ഞങ്ങൾ മറ്റൊരു വലിയ ചുവടുവയ്പ്പ് നടത്തുകയാണെന്ന് സൊനാറ്റ ബ്രാൻഡ് മേധാവി പ്രതീക് ഗുപ്ത പറഞ്ഞു. ഇന്നത്തെ പ്രൊഫഷണലുകളുടെ മുൻഗണനകൾ നിറവേറ്റുന്നതിനാണ് ഈ ശേഖരം രൂപകൽപ്പന ചെയ്തിരിക്കുന്നത്. ഇവ സ്റ്റൈലിൻറെയും പ്രായോഗികതയുടെയും തികഞ്ഞ സന്തുലിതാവസ്ഥയാണ് ഉപയോക്താക്കൾക്ക് നൽകുന്നതെന്നും അദ്ദേഹം പറഞ്ഞു.

# ഡിബിഎസ് ബാങ്ക് ഇന്ത്യയുടെ സിഇഒ ആയി രജത് വർമ്മ ചുമതലയേൽക്കും



**കൊച്ചി:** ഡിബിഎസ് ബാങ്ക് ഇന്ത്യയുടെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായി രജത് വർമ്മ ചുമതലയേൽക്കും. ഫെബ്രുവരി 28ന് സുരോജിത് ഷോം വിരമിക്കുന്നത്തോടെയാണ് ഡിബിഎസ് ബാങ്കിന്റെ ഇൻസ്റ്റിറ്റിയൂഷണൽ ബാങ്കിംഗ് ഗ്രൂപ്പ് മേധാവിയായ രജത് വർമ്മ സിഇഒ ആയി ചുമതലയേൽക്കുക. ഇതോടെ ഡിബിഎസ് ഗ്രൂപ്പ് മാനേജ്മെന്റ് കമ്മിറ്റിയിലും വർമ അംഗമാകും.

2015ൽ സിഇഒ ആയതിന് ശേഷം 2016ൽ ഇന്ത്യയിലെ ആദ്യത്തെ മൊബൈൽ ബാങ്കായ ഡിജി ബാങ്കിന്റെ അവതരണം പോലുള്ള നിരവധി പദ്ധതികളിലൂടെ ഷോം ഇന്ത്യയിൽ ഡിബിഎസ് ബാങ്കിന്റെ സാന്നിധ്യം വർധിപ്പിച്ചു. 2019ൽ ഇന്ത്യയിൽ ഡിബിഎസ് ബാങ്കിന്റെ അനുബന്ധവത്ക്കരണത്തിനും 2020ൽ ലക്ഷ്മി വിലാസ് ബാങ്കുമായുള്ള ലയനത്തിനും അദ്ദേഹം നേതൃത്വം നൽകി. ഇന്ന് ഇന്ത്യയിലെ 19 സംസ്ഥാനങ്ങളിലായി 350 നഗരങ്ങളിൽ ഡിബിഎസ് ബാങ്ക് പ്രവർത്തിക്കുന്നുണ്ട്. ലോകത്തെ ഏറ്റവും മികച്ച ബാങ്കുകളുടെ ഫോർബ്സിന്റെ പട്ടികയിൽ 2020 2022 കാലയളവിൽ ആദ്യ മൂന്ന് സ്ഥാനങ്ങളിലും ഡിബിഎസ് ബാങ്ക് ഇടംപിടിച്ചിട്ടുണ്ട്.

രജത് വർമ്മയ്ക്ക് ബാങ്കിംഗ് രംഗത്ത് 27 വർഷത്തെ പ്രവൃത്തിപരിചയമുണ്ട്. 2023 ജൂണിലാണ് ഡിബിഎസിൽ ഐബിജി മേധാവിയായി ചുമതലയേറ്റത്. അദ്ദേഹത്തിന്റെ നേതൃത്വത്തിൽ 2024ൽ ഗ്ലോബൽ ഫിനാൻസ് ഇന്ത്യയിലെ സുസ്ഥിര ധനകാര്യത്തിനുള്ള ഏറ്റവും മികച്ച ബാങ്കായി ഡിബിഎസിനെ തിരഞ്ഞെടുത്തു.

ദീർഘ വീക്ഷണവും പ്രതിജ്ഞാബദ്ധതയും കൊണ്ട് ഡിബിഎസ് ഇന്ത്യയെ ഇന്ന് കാണുന്ന നിലയിലേക്ക് വളർത്തിയതിന് സുരോജിത്തിനോട് നന്ദി പറയുന്നു. ബാങ്കിംഗ് വിദഗ്ദനായ രജത് ഇന്ത്യയിലെ തങ്ങളുടെ ബിസിനസ് കൂടുതൽ ഉറപ്പിച്ചു. വരും വർഷങ്ങളിലും ഇന്ത്യയുടെ വളർച്ചയിൽ ഒപ്പം നിൽക്കാൻ ഡിബിഎസ് ബാങ്ക് ഉണ്ടാകും. ബിസിനസിനെ അടുത്ത ഘട്ടത്തിലേക്ക് വളർത്താൻ രജിത്തിന് സാധിക്കുമെന്നതിൽ തനിക്ക് ഉറപ്പുണ്ടെന്നും ഗുപ്ത പറഞ്ഞു.

# യുപിഐയിൽ ഇന്നുമുതൽ നിരവധി മാറ്റങ്ങൾ




**ന്യൂഡൽഹി:** യുപിഐ പേയ്മെൻറുകളിൽ ഇന്നു മുതൽ നിരവധി മാറ്റങ്ങൾ വരുന്നു. ഫീച്ചർ ഫോൺ വഴിയുള്ള ഇൻസ്റ്റൻറ് പേയ്മെൻറ് സംവിധാനമായ യുപിഐ 123പേയുടെ പരിധി ഉയർത്തുന്നതാണ് ആദ്യമാറ്റം. ഉപയോക്താക്കൾക്ക് ഇന്നു മുതൽ യുപിഐ 123പേ വഴി പ്രതിദിനം 10,000 രൂപ വരെ പണം അയയ്ക്കാമെന്നാണ് ആർബിഐ അറിയിച്ചിരിക്കുന്നത്. നേരത്തേ ഈ പരിധി 5,000 രൂപയായിരുന്നു.

എന്നാൽ, ഫോൺ പേ, പേടിഎം, ഗൂഗിൾ പേ പോലുള്ള സ്മാർട്ട്ഫോൺ ആപ്പുകളുടെ ഇടപാട് പരിധിയിൽ മാറ്റമില്ല. ഇവയിൽ പ്രതിദിനം ഒരു ലക്ഷം രൂപ വരെ യുപിഐ ഇടപാടുകൾ നടത്താം. എന്നാൽ, മെഡിക്കൽ ബില്ലുകൾക്ക് ഈ പരിധി അഞ്ചു ലക്ഷം രൂപയായി ഉയർത്തിയിട്ടുണ്ട്.

ഈ വർഷം ആരംഭിച്ച യുപിഐ സർക്കിൾ ഫീച്ചർ, ഈ വർഷം ഭീമിന് പുറമേ മറ്റ് യുപിഐ പ്ലാറ്റ്ഫോമുകളിലേക്കും വ്യാപിപ്പിക്കും. നിലവിൽ ഭീം ആപ്പിൻറെ ഉപയോക്താക്കൾക്ക് മാത്രമാണ് യുപിഐ സർക്കിൾ സേവനമുള്ളത്.

പ്രത്യേക ഇടപാടുകൾ നടത്താൻ കുടുംബാംഗങ്ങൾക്കോ സുഹൃത്തുക്കൾക്കോ അനുമതി നൽകുന്നതാണ് സേവനം. ഇങ്ങനെ യുപിഐ സർക്കിളിൽ ചേർക്കുന്ന സെക്കൻഡറി ഉപയോക്താക്കൾക്ക് ബാങ്ക് അക്കൗണ്ട് ഇല്ലാതെതന്നെ പേയ്മെൻറുകൾ നടത്താൻ കഴിയും.എന്നാൽ, ഇത്തരക്കാർക്ക് ഓരോ പേയ്മെൻറിനും പ്രൈമറി ഉപയോക്താവ് അനുമതി നൽകണം, അല്ലെങ്കിൽ ഉപയോക്താക്കൾക്ക് ചെലവഴിക്കുന്നതിന് ഒരു പ്രത്യേക പരിധി നിശ്ചയിക്കാം.

# ഡിജിറ്റൽ, വിനോദസഞ്ചാര മേഖലകളിൽ നേട്ടം




**ന്യൂഡൽഹി:** ഇന്ത്യയുടെ ഡിജിറ്റൽ അടിസ്ഥാനസൗകര്യങ്ങൾ കഴിഞ്ഞ വർഷങ്ങളിൽ അതിവേഗം വളരുന്നതായി സൂചന.

ആഗോള സൈബർ സുരക്ഷാ സൂചിക 2024ൽ ഒന്നാംശ്രേണിയിലെത്തി. 100ൽ 98.49 ആണ് ഇന്ത്യ സ്കോർ ചെയ്തത്. ഇത് സൈബർ സുരക്ഷാസന്നദ്ധതയിൽ ലോകത്തെ ഏറ്റവും മികച്ച രാജ്യങ്ങളുടെ പട്ടികയിൽ ഇന്ത്യയെ അംഗമാക്കുന്നു.

ഡിജിറ്റൽ ഇന്ത്യ പോലുള്ള സംരംഭങ്ങളിലൂടെ ശക്തമായ സൈബർസുരക്ഷാ ചട്ടക്കൂടുകൾ കെട്ടിപ്പടുത്തു. ഇത് ഇൻറർനെറ്റ് സൗകര്യങ്ങളുടെ ലഭ്യത വിപുലീകരിക്കുക മാത്രമല്ല, ഓൺലൈൻ സുരക്ഷ വർധിപ്പിക്കുന്നതിനുള്ള നടപടികൾ അവതരിപ്പിക്കുകയും ചെയ്തു.

ഇന്ത്യയുടെ വിനോദസഞ്ചാര മേഖലയും 2024ൽ അഭിവൃദ്ധി പ്രാപിച്ചതായാണു കണക്കുകൾ. ട്രാവൽ ആൻഡ് ടൂറിസം ഡെവലപമെൻറ് സൂചികയിൽ 2024ൽ ഇന്ത്യ 39ാം സ്ഥാനത്താണ്. ഇൻക്രെഡിബിൾ ഇന്ത്യ, ദേഖോ അപ്നാ ദേശ് തുടങ്ങിയ പദ്ധതികൾ ആഭ്യന്തരവും അന്തർദേശീയവുമായ വിനോദസഞ്ചാരത്തെ പ്രോത്സാഹിപ്പിച്ചു.

2024ൽ സ്വദേശ് ദർശൻ, പ്രസാദ് പദ്ധതികൾക്ക് കീഴിൽ 1400 കോടി (168.5 ദശലക്ഷം യുഎസ് ഡോളർ) രൂപ മൂല്യമുള്ള 52 ടൂറിസം പദ്ധതികൾ ഉദ്ഘാടനം ചെയ്തു.




RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com